* അവധിലെ അവസാനത്തെ നവാബായിരുന്ന വാജിദ് അലി ഷായുടെ ആദ്യ ഭാര്യയായിരുന്നു ബീഗം ഹസ്രത്ത് മഹൽ. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത് ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ പോരാട്ടമാണ് ബീഗത്തെ ഇന്ത്യാ ചരിത്രത്തിൽ അവിസ്മരണീയയാക്കുന്നത്.
* അവധ് എന്ന നാട്ടുരാജ്യത്തിലെ ഫൈസാബാദിലാണ് ഹസ്രത്ത് ജനിച്ചത്. മുഹമ്മദി ഖാനം എന്നായിരുന്നു ബാല്യകാലനാമം. ലക്നൗ ഭരണാധികാരിയായിരുന്ന വാജിദ് അലി ഷാ തന്റെ രാജ്ഞിയാക്കിതോടെ അവർ ഹസ്രത് മഹൽ എന്ന പേര് സ്വീകരിച്ചു.
* 1856-ൽ ബ്രിട്ടീഷുകാർ അവധ് കീഴടക്കിയപ്പോൾ വാജിദ് അലി ഷാ നാടുകടത്തപ്പെട്ടു. ഭർത്താവിന്റെ അഭാവത്തിൽ ബീഗം ഭരണം ഏറ്റെടുത്തു. 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരകാലത്ത് രാജാ ജൈലാൽ സിങ്ങിനൊപ്പം ചേർന്ന് ലക്നൗ ബ്രിട്ടീഷുകാരിൽ നിന്ന് പിടിച്ചെടുക്കുകയും അവധിന്റെ സിംഹാസനത്തിൽ തന്റെ മകനായ ബിർജിസിനെ അവരോധിക്കുകയും ചെയ്തു.



* 1858-ൽ നടന്ന പോരാട്ടത്തിലൂടെ ബ്രിട്ടീഷുകാർ അവധ് തിരിച്ചുപിടിക്കുകയും ബീഗത്തോട് കീഴടങ്ങാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു.
* ബീഗം നേപ്പാളിൽ രാഷ്ട്രീയാഭയം തേടി. 1879 ഏപ്രിൽ ഏഴിന് നേപ്പാളിൽ അന്തരിച്ചു.

## മംഗൾ പാണ്ഡേ (1827-1857)

* ഇന്ത്യയിലെ ആദ്യത്തെ സ്വാതന്ത്ര്യ സമര സേനാനിയായി പലരും കണക്കാക്കുന്ന വ്യക്തിയാണ് മംഗൾ പാണ്ഡേ.
* 1827 ജൂലൈ 19 ന് ഉത്തർപ്രദേശിലെ ബല്ലിയയിൽ ജനിച്ചു.
* ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ബംഗാൾ നേറ്റീവ് ഇൻഫൻട്രിയിലെ 34 ാം റെജിമെന്റിലെ അഞ്ചാം കമ്പനിയിൽ ശിപായി ആയിരിക്കെ തന്റെ മേധാവിയും 34 ാം റെജിമെന്റിന്റെ ഓഫീസറുമായ ലഫ്റ്റനന്റ് ബോഗിനെതിരെ പാണ്ഡേ വെടിയുതിർത്തു (1857 മാർച്ച് 29). എന്നാൽ ലക്ഷ്യം തെറ്റി, ബോഗിന്റെ കുതിരയ്ക്കാണ് വെടിയേറ്റത്. താഴെവീണ ബോഗിനെ മംഗൾ വാളുകൊണ്ട് പരിക്കേൽപിക്കാൻ ശ്രമിച്ചു. ഈ സമയം മറ്റൊരു സൈനികനായ ഷെയ്ഖ് പാൾത്തു മംഗളിനെ തടഞ്ഞു.
* ഈ വിവരം അറിഞ്ഞ് പരേഡ് ഗ്രൗണ്ടിലെത്തിയ സെർജന്റ് മേജർ ജോയ്സി ഹെർസെ ഇന്ത്യക്കാരനായ ഇഷാരി പാണ്ഡേയോട് മംഗളിനെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു.



എന്നാൽ, ഇഷാരി മേലധികാരിയുടെ ഉത്തരവ് അനുസരി ച്ചില്ല.

* മംഗൾ പാണ്ഡേയെ വിട്ടയ്ക്കാൻ മറ്റു ശിപായിമാർ പാൾത്തുവിനോട് ആവശ്യപ്പെട്ടെങ്കിലും അയാൾ തയ്യാറാ യില്ല. വെടിവയ്ക്കാനുള്ള തന്റെ ആജ്ഞ അനുസരിക്കാ ത്തതിനാൽ ശിപായിമാരെ വെടിവയ്ക്കുമെന്ന് ജോയ്സി ഭീഷണി മുഴക്കി. ഈ സമയത്ത് മംഗൾ പാണ്ഡേ സ്വയം വെടിയുതിർക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. നിസ്സാ രമായി പരിക്കേറ്റ മംഗളിനെ അറസ്റ്റ് ചെയ്തു.
* ബംഗാൾ സൈന്യത്തിൽ പുതിയതായി എത്തിയ എൻഫീൽഡ് പി–53 തോക്കുകളിൽ ഉപയോഗിക്കുന്ന തിര കൾ പൊതിഞ്ഞിരിക്കുന്ന ആവരണത്തിൽ പന്നിയുടെയും പശുവിന്റെയും കൊഴുപ്പ് ഉപയോഗിച്ചിട്ടുണ്ടെന്ന കിംവദന്തി സംബന്ധമായ ദുരീകരിക്കാത്ത സംശയങ്ങളാണ് ഇത്തര ത്തിൽ പെരുമാറാൻ മംഗൾ പാണ്ഡേയെ പ്രേരിതനാക്കി യത് എന്ന് കരുതപ്പെടുന്നു.
* 1857 ഏപ്രിൽ എട്ടിന് മംഗൾ പാണ്ഡെയെ തൂക്കിലേറ്റി. മംഗൾ പാണ്ഡേയെ പിടികൂടിയ ഷെയ്ഖ് പാൾത്തുവിന് ഹവിൽദാർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകി.
* രണ്ടുമാസത്തിനുശേഷം മീററ്റിൽ നടന്ന 1857–ലെ ലഹള യുടെ പൊട്ടിപുറപ്പെടലിന് ബാരക്പൂർ സംഭവുമായി ബന്ധ മൊന്നുമുണ്ടായിരുന്നില്ല എന്നൊരു വാദഗതിയുണ്ട്.
* 1909–ൽ പുറത്തിറങ്ങിയ വി.ഡി.സവർക്കറുടെ ദ ഇന്ത്യൻ വാർ ഓഫ് ഇൻഡിപെൻഡൻസ്, 1857 എന്ന പുസ്തകത്തി ലൂടെയാണ് ബാരക്പൂർ സംഭവം പ്രസിദ്ധമായത്.
* മംഗൾ പാണ്ഡേ: ദ റൈസിങ് എന്ന പേരിൽ ആമിർഖാൻ നായകനായി മംഗൾപാണ്ഡേയുടെ ജീവിതം കേതൻ മേത്ത സിനിമയാക്കിയിട്ടുണ്ട്.

## ഝാൻസിറാണി ലക്ഷ്മീബായി (1835–1858)

* ഇന്ത്യയിലെ ജൊവാൻ ഓഫ് ആർക്ക് എന്നറിയപ്പെടുന്ന ഝാൻസി റാണി ലക്ഷ്മിബായി 1857 –ലെ കലാപം നയി ച്ചവരിൽ പ്രധാനിയായിരുന്നു. ഇന്ത്യൻ നേതാക്കളിൽ ഏറ്റവും അപകടകാരി എന്നാണ് കലാപകാലത്ത് ബ്രിട്ടീഷ്



സോനാനായകരിലെരാളായിരുന്ന ജനറൽ ഹ്യൂഗ് റോസ് അവരെ വിശേഷിപ്പിച്ചത്. ഇരുണ്ട പശ്ചാത്തലത്തിലെ പ്രകാശമാനമായ ബിന്ദു എന്നാണ് ലക്ഷ്മിബായിയെക്കു റിച്ചുള്ള ജവാഹർലാൽ നെഹ്രുവിന്റെ പരാമർശം.

* വാരാണാസിയിലെ ഒരു ഗ്രാമത്തിൽ 1835 നവംബർ 19–ന് മോരോപാന്ത് താമ്പോയുടെയും ഭഗീരഥീഭായിയുടെ മക ളായി ജനിച്ചു. മണികർണിക എന്നായിരുന്നു യഥാർത്ഥ പേര്. മനു എന്നും മന്ത്രാഭായി എന്നും വിളിക്കപ്പെട്ടു. പേഷ്വാ ബാജിറാവു രണ്ടാമന്റെ കൊട്ടാരത്തിൽ ബാല്യ കാലം ചെലവഴിച്ച മനുവിന്റെ ബാല്യകാല സുഹൃത്ത് പേഷ്വായുടെ വളർത്തുപുത്രനായിരുന്ന നാനാസാഹിബ് ആയിരുന്നു. പഠനത്തിൽ മാത്രമല്ല, ആയോധന കലക ളിലും കുതിര സവാരിയിലും നിപുണയായിരുന്നു. മണി കർണിക. മനുവിന്റെ നാലാം വയസ്സിൽ അമ്മ മരിച്ചു പോയ തിനാൽ മകളുടെ എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടു ക്കുന്നതിന് പിതാവ് ശ്രദ്ധ പുലർത്തിയിരുന്നു.
* തന്നേക്കാൾ ഏറെ പ്രായവ്യത്യാസമുണ്ടായിരുന്ന ഝാൻസി യിലെ രാജാവ് ഗംഗാധർ റാവുമായുള്ള മനുവിന്റെ വിവാഹം പതിനാലാം വയസ്സിൽ നടന്നു. വിവാഹശേഷം ലക്ഷ്മി ബായി എന്ന പേരു സ്വീകരിച്ചു. ഗംഗാധർ റാവുവിന് പുത്രൻമാരില്ലായിരുന്നു. 1851–ൽ ഇവർക്ക് ഒരു മകൻ ജനി ച്ചെങ്കിലും നാലു മാസത്തിനുള്ളിൽ മരണപ്പെട്ടു.
* ഇതിനുശേഷം ദമ്പതിമാർ ദാമോദർ റാവു എന്ന ബാലനെ മകനായി ദത്തെടുത്തു. ആ വിവരം ഔദ്യോഗികമായി ബ്രിട്ടീഷ് സർക്കാരിനെ അറിയിക്കുകയും ചെയ്തു.
* ഗംഗാധർ റാവുവിന്റെ മരണശേഷം ബ്രിട്ടീഷുകാർ ദത്തപ ഹാര നയം എന്ന ഭരണതന്ത്രം പ്രയോഗിച്ച് ഝാൻസിയെ ബ്രിട്ടീഷിന്ത്യയോട് ചേർക്കുകയും കൊട്ടാരം വിട്ടുപോ കാൻ റാണിയോട് ആവശ്യപ്പെടുകയും ചെയ്തു.
* 1857 മുതൽ 1858 വരെ ഏകദേശം പത്തുമാസക്കാലം ലക്ഷ്മിബായി ഝാൻസിയിൽ കാര്യക്ഷമമായ രീതിയിൽ ഭരണം നടത്തി. ഈ സമയത്ത് ഝാൻസിയിൽ ചില വ്യവ സായ ശാലകൾ സ്ഥാപിക്കാൻ അവർ മുൻകൈയെടുത്തു. ഝാൻസിയെ ശക്തമാക്കാൻ രാജ്യത്തേക്ക് സൈന്യത്തെ അയയ്ക്കുകയാണെന്ന് ബ്രിട്ടീഷുകാർ റാണിയെ അറി യിച്ചു. ഝാൻസി വളഞ്ഞ ബ്രിട്ടീഷ് സൈന്യത്തിന് കനത്ത പ്രതിരോധം നേരിടേണ്ടിവന്നു. താന്തിയാതോപ്പിയും റാണി യുടെ സഹായത്തിനെത്തിയെങ്കിലും അവസാന വിജയം ബ്രിട്ടീഷുകാർക്കായിരുന്നു. ഹ്യൂഗ് റോസ് ആയിരുന്നു ബ്രിട്ടീഷ് സേനയ്ക്ക് നേതൃത്വം നൽകിയത്. ഒടുവിൽ കൊട്ടാരം വിട്ടുപോകാൻ റാണി തീരുമാനിച്ചു. ദാമോദർ റാവുവിനെ പുറത്തു വച്ചു കെട്ടിയശേഷം ബാദൽ എന്ന കുതിരയുടെ പുറത്തുകയറി റാണി കോട്ടയുടെ മുകളിൽ നിന്ന് താഴേക്ക് ചാടി രക്ഷപ്പെടുകയും ക്ലേശകരമായ യാത്ര യ്ക്കുശേഷം കൽപി എന്ന സ്ഥലത്തെ സുരക്ഷിത താവ ളത്തിൽ എത്തുകയും ചെയ്തു. അവിടെ നാനാ സാഹേ ബിന്റെ അനന്തരവനായ റാവു സാഹേബ് റാണിയെ സസ ന്തോഷം സ്വീകരിച്ചു.
* ബ്രിട്ടീഷ് സേന കൽപിയും ആക്രമിച്ചു. അവിടെ നടന്ന യുദ്ധത്തിൽ റാണിയും റാവു സാഹേബും താന്തിയാതോ പ്പിയുടെ സഖ്യത്തിന് പരാജയം നേരിട്ടു. റാവു സാഹേ ബ്, താന്തിയാതോപ്പി എന്നിവരോടൊപ്പം ചേർന്ന് റാണി ഗ്വാളിയേറിലെ രാജാവിനെ തോൽപിച്ച് ഗ്വാളിയോർ കോട്ട കീഴടക്കി. ഗ്വാളിയോർ കോട്ട വളഞ്ഞ ബ്രിട്ടീഷ് സൈന്യ ത്തിനെതിരെ ധീരമായി പോരാടിയ റാണിയ്ക്ക് മാരകമായി മുറിവേൽക്കുകയും താമസിയാതെ മരണമടയുകയും ചെയ്തു. (1858 ജൂൺ 17)
* ഗ്വാളിയോർ കോട്ടയ്ക്ക് സമീപം റാണിയുടെ അന്ത്യകർമ്മ ങ്ങൾ നടത്തി.
* ഗ്വാളിയോറിലെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് ഫിസി ക്കൽ എഡ്യൂക്കേഷനും തിരുവനന്തപുരത്ത് കാര്യവട്ട ത്തുള്ള നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂ ക്കേഷനും ഈ ധീരവനിതയുടെ സ്മരണാർത്ഥം നാമക രണം ചെയ്യപ്പെട്ടിരിക്കുന്നു.
* ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് ഐ.എൻ.എ.യുടെ വനിതാ റെജിമെന്റിന് ഝാൻസി റാണിയുടെ ബഹുമാനാർത്ഥമാണ് പേരു നൽകിയത്. (ഝാൻസിറാണി റെജിമെന്റ്)
* സ്വതന്ത്രഭാരതത്തിൽ തപാൽ സ്റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട രണ്ടാമത്തെ ഇന്ത്യൻ വനിതയാണ് ലക്ഷ്മിബായി (ആ ദ്യത്തേത് ഭക്ത മീര)

## മാനവേന്ദ്ര നാഥ് റോയ് (1887–1954)

* 1887 മാർച്ച് 21 ന് ബംഗാളിലെ ചാംഗ്രിപോട്ടയിൽ ഒരു ബംഗാളി ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച നരേന്ദ്രനാഥ് ഭട്ടാചാര്യയാണ് പിൽക്കാലത്ത് മാനവേന്ദ്രനാഥ് റോയ് (എം.എൻ.റോയ്) എന്ന രാഷ്ട്രീയ തത്ത്വചിന്തകനായി മറിയത്. റാഡിക്കൽ ഹ്യൂമനിസം എന്ന തത്ത്വശാ സ്ത്രത്തിന്റെ പിതാവായി അദ്ദേഹം അറിയപ്പെടുന്നു.
* 1911 മുതൽ 1913 വരെ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ വിപ്ലവ പ്രസ്ഥാനങ്ങൾ സംഘടിപ്പിക്കുന്നതിനായി യാത്ര ചെയ്തു.
* ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടശേഷം ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ പുറത്തുനിന്ന് പിന്തു ണയ്ക്കുന്നതിനായി വിദേശത്തേക്ക് പോയി.
* 1916–ൽ യു.എസ്.എ.യിൽ എത്തിപ്പെടുകയും മാനവേന്ദ്ര നാഥ് റോയി എന്ന പേര് സ്വീകരിക്കുകയും ചെയ്തു.
* 1917–ൽ മെക്സിക്കോയിൽ എത്തി. 1917 ഡിസംബറിൽ നടന്ന മെക്സിക്കൻ ലേബർ പാർട്ടി കോൺഫറൻസ് എം. എൻ.റോയിയെ അതിന്റെ പ്രഥമ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. 1917 –ലെ റഷ്യൻ വിപ്ലവത്തെത്തുടർന്ന് 1918–ൽ ലേബർ പാർട്ടി മെക്സിക്കൻ കമ്മ്യൂണിസ്റ്റ് പാർ ട്ടിയായി രൂപാന്തരപ്പെട്ടു.
* 1919–ൽ മെക്സിക്കോ വിട്ടശേഷം റഷ്യയിലായിരുന്ന റോയ് 1920 ഒക്ടോബർ 17 ന് താഷ്കെന്റിൽ വച്ച് രൂപം കൊണ്ട ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ ജന റൽ സെക്രട്ടറിയായി
* 1920–ൽ റോയ് റഷ്യയിൽ വച്ച് ലെനിനുമായി കണ്ടുമുട്ടു കയും ആ ബന്ധം പിന്നീട് അന്താഷ്ട്ര തലത്തിൽ അറി യപ്പെടുന്ന ഒരു കമ്യൂണിസ്റ്റ് നേതാവ് എന്ന നിലയിലേക്ക് റോയിയെ എത്തിക്കുകയും ചെയ്തു.



* 1929–ൽ വിവിധ കാരണങ്ങളാൽ കമ്യൂണിസ്റ്റ് ഇന്റർനാ ഷണലിൽ നിന്ന് പുറത്താക്കപ്പെട്ടു.
* 1930–ൽ ഇന്ത്യയിലേക്ക് തിരികെവന്നുവെങ്കിലും കാൺപൂർ ഗൂഢാലോചന കേസിൽ പെലീസിന്റെ പിടി യിലാവുകയും നീണ്ട ആറുവർഷക്കാലത്തെ തടവുശിക്ഷ യ്ക്ക് വിധേയനാകേണ്ടിവരികയും ചെയ്തു. ജയിൽ ജീവി തകാലത്ത് അദ്ദേഹം നിരവധി പുസ്തകങ്ങൾ വായിച്ചു.
* ജയിലിൽ നിന്ന് പുറത്തിറങ്ങിയ റോയ് ഏവരേയും അമ്പ രപ്പിച്ചുകൊണ്ട് കോൺഗ്രസിൽ അംഗത്വമെടുക്കുകയും തന്റെ അണികളെ ചേർത്ത് ലീഗ് ഓഫ് റാഡിക്കൽ കോ ൺഗ്രസ് എന്നൊരു സംഘടനയുണ്ടാക്കുകയും ചെയ്തു. കോൺഗ്രസിലെ ഇടതുപക്ഷത്തെ വളർത്തിയെടുക്കുകയാ യിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. രണ്ടാം ലോകമഹായു ദ്ധകാലത്ത് കോൺഗ്രസ് എടുത്ത നിലപാടുകളോടുള്ള വിയോജിപ്പു കാരണം അദ്ദേഹം കോൺഗ്രസ് വിട്ടു. തുടർ ന്ന് റോയ് റാഡിക്കൽ ഡെമോക്രാറ്റിക് പാർട്ടി എന്ന സം ഘടന രൂപവത്കരിച്ചു. 1937–ൽ എലൻ ഗോച്ചാക്ക് എന്ന വനിതയെ റോയ് വിവാഹം കഴിച്ചു.
* ഇന്ത്യയുടെ നവോത്ഥാന പ്രസ്ഥാനത്തിന് ചൂടും ചൂരും പകരുക എന്ന ലക്ഷ്യത്തോടെ 1946–ൽ ഡെറാഡൂണിൽ ഇന്ത്യൻ റിണയസൻസ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു സ്ഥാപനം റോയ് ആരംഭിച്ചു. ഒരു അപകടത്തിന്റെ ഭാഗ മായി റോയിയുടെ ഒരു ഭാഗം തളർന്നുപോയി. തുടർച്ച യായി വന്ന രണ്ടാമത്തെ ഹൃദയാഘാതത്തിൽ 1954 ജനു വരി 25 ന് അന്തരിച്ചു.
* കമ്യൂണിസത്തിനുമപ്പുറം, പുതിയ മാനവികത്വം, ഇന്ത്യൻ ഇൻ ട്രാൻസിഷൻ തുടങ്ങി നിരവധി പുസ്തകങ്ങളുടെ രചയിതാവാണ് മാനവേന്ദ്ര നാഥ് റോയ്.

## വീരേന്ദ്രനാഥ് ചതോപാധ്യായ (1880–1937)

* സായുധ വിപ്ലവത്തിലൂടെ ബ്രിട്ടീഷുകാരിൽ നിന്നുള്ള ഇന്ത്യയുടെ മോചനം സ്വപ്നം കണ്ട നേതാക്കളിലൊരാ ളായിരുന്ന വീരേന്ദ്രനാഥ് ചതോപാധ്യായ.



* ഭിഷഗ്വരനായ അഘോരനാഥ് ചതോപാധ്യായയുടെയും വരദസുന്ദരീദേവിയുടെയും മകനായി 1880 ഒക്ടോബർ 31–ന് ഹൈദരാബാദിൽ ജനിച്ചു. സരോജിനി നായിഡു മുതിർന്ന സഹോദരിയായിരുന്നു.
* കൊൽക്കത്ത സർവ്വകലാശാലയിൽ നിന്ന് ബിരുദം നേടിയശേഷം സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നതിനിടയിൽ വീരേൻ ഒക്സ്ഫഡ് സർവകലാശാലയിൽ ഉപരിപഠനത്തിനായി ചേർന്നു. പിന്നീട് പ്രശസ്തമായ മിഡിൽ ടെമ്പിളിൽ നിയമപഠനത്തിന് ചേർന്നു.
* ഇക്കാലയളവിൽ വീരേൻ ഇംഗ്ലണ്ടിൽ ഇന്ത്യൻ ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരുമായി അടുത്ത ബന്ധം സ്ഥാപിച്ചു. ശ്യാംജി കൃഷ്ണവർമയുടെ ഇന്ത്യാഹൗസിലെ സ്ഥിരം സന്ദർശകനായ വീരേൻ, വി.ഡി.സവർക്കറുടെ അടുത്ത സുഹൃത്തായി മാറി. കൃഷ്ണവർമ നടത്തിയിരുന്ന ഇന്ത്യൻ സോഷ്യോളജിസ്റ്റ് എന്ന മാസികയുടെ പത്രാധിപ സമിതി അംഗമായും പ്രവർത്തിച്ചു.
* 1907 മെയ് മാസത്തിൽ ഭിക്കാജി കാമയോടൊപ്പം സ്റ്റുട്ട്ഗർട്ട് കോൺഫറൻസിൽ സംബന്ധിച്ചു.
* മദൻലാൽ ദിൻഗ്ര രണ്ട് ഇംഗ്ലീഷുകാരെ വധിച്ചതിനെ അനുകൂലിച്ച് ദ ടൈംസ് പത്രത്തിൽ ലേഖനമെഴുതിയ കാരണത്താൽ വീരേൻ മിഡിൽ ടെംപിളിൽ നിന്ന് പുറത്താക്കപ്പെട്ടു.
* 1909 നവംബറിൽ തൽവാർ എന്ന മാസിക തുടങ്ങിയെങ്കിലും അത് അൽപകാലത്തേക്കു മാത്രമേ തുടരാൻ കഴിഞ്ഞുള്ളു. തനിക്കെതിരെ പുറപ്പെടുവിച്ച ഒരു അറസ്റ്റ് വാറണ്ടിൽ നിന്ന് രക്ഷപ്പെടുന്നതിന് 1910–ൽ വീരേൻ പാരീസിലേക്ക് പലായനം ചെയ്തു. തുടർന്ന് അദ്ദേഹം ജർമനിയിലേക്ക് പോകുകയും അവിടെ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ബ്രിട്ടീഷുകാരെ തുരത്താനുള്ള ഇന്തോ–ജർമൻ പദ്ധതി നടപ്പിലാകാതെ വന്നപ്പോൾ വീരേൻ ബെർലിൻ കമ്മിറ്റിയുടെ പ്രവർത്തന മേഖല സ്റ്റോക്ക്ഹോമിലേക്ക് മാറ്റി. ഒരു ഇംഗ്ലീഷ് വനിതയെ വിവാഹം കഴിച്ചെങ്കിലും രണ്ടു വർഷത്തിനുശേഷം വേർപിരിഞ്ഞു.
* ജോസഫ് സ്റ്റാലിൻ തന്റെ രാഷ്ട്രീയ എതിരാളികളെ അടിച്ചമർത്തുന്നതിനുവേണ്ടി നടത്തിയ നടപടികളിൽപ്പെട്ട് വീരേനും അറസ്റ്റിലായി (1937 ജൂലൈ 15). വധിക്കപ്പെടേണ്ടവരുടേതായി തയ്യാറാക്കിയ 184 പേരുടെ പട്ടികയിൽ വീരേന്റെ പേരും ഉണ്ടായിരുന്നു (1937 ഓഗസ്റ്റ് 31).
* 1937 സെപ്തംബർ രണ്ടിന് വീരേൻ വധിക്കപ്പെട്ടു.

## ചെമ്പകരാമൻ പിള്ള (1891–1934)


* ഇന്ത്യൻ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവൻ ബലിയർപ്പിച്ച ഒരു മലയാളിയാണ് ചെമ്പകരാമൻപിള്ള.
* പോലീസ് കോൺസ്റ്റബിളായിരുന്ന ചിന്നസ്വാമി പിള്ളയുടെയും നാഗമ്മാളിന്റെയും മകനായി തിരുവനന്തപുരത്ത് 1891 സെപ്തംബർ 15 ന് ജനിച്ചു.
* സ്ട്രിക്ട്ലാൻഡ് എന്ന യൂറോപ്യനുമായി പരിചയത്തിലായ ചെമ്പകരാമൻ 1907–ൽ അദ്ദേഹത്തോടൊപ്പം യൂറോപ്പിൽ പോകുകയും തുടർന്ന് ഇറ്റലിയിലും ജർമ്മനിയിലും ഉപരിപഠനം നടത്തുകയും ചെയ്തു.
* ബെർലിനിലെ ഇന്ത്യക്കാരെ സംഘടിപ്പിച്ച് ഇന്ത്യൻ ഇൻഡിപെൻഡൻസ് കമ്മിറ്റി രൂപവത്കരിച്ചു.
* ഒന്നാം ലോക മഹായുദ്ധ സമയത്ത് ബ്രിട്ടനെ തോൽപിക്കാൻ വിപുലമായ ശ്രമങ്ങളിൽ ഏർപ്പെട്ട ചെമ്പകരാമൻ സൂറിച്ചിൽ പ്രോ ഇന്ത്യ എന്നൊരു പത്രം ആരംഭിച്ചു.



* 1914 സെപ്തംബർ 22–ന് ചെന്നൈയിൽ ഷെൽ വർഷിച്ച എംഡൻ എന്ന ജർമൻ മുങ്ങിക്കപ്പലിൽ ചെമ്പകരാമനും ഉണ്ടായിരുന്നു.
* 1919–ൽ കാബൂൾ ആസ്ഥാനമായി സ്ഥാപിതമായ സ്വതന്ത്രഭാരത സർക്കാരിൽ ചെമ്പകരാമൻ വിദേശകാര്യ മന്ത്രിയായി (ഇതിന്റെ പ്രസിഡന്റ് രാജ മഹേന്ദ്ര പ്രതാപും പ്രധാനമന്ത്രി ബർക്കത്തുള്ളയും ആയിരുന്നു)
* 1924–ൽ ഭാരതത്തിൽ നിന്നുള്ള കൗതുക വസ്തുക്കളുടെ പ്രദർശനം യൂറോപ്പിൽ സംഘടിപ്പിച്ചു. ലീഗ് ഓഫ് ഒപ്രസ്ഡ് നേഷൻസ് എന്ന സംഘടനയിലും സജീവ പ്രവർത്തകനായി. 1933–ൽ സുഭാഷ് ചന്ദ്രബോസുമായി ബന്ധപ്പെട്ടു.
* യൂറോപ്പിലെത്തിയ മണിപ്പൂർ സ്വദേശി ലക്ഷ്മിബായി ആയിരുന്നു ഭാര്യ.
* 1933–ൽ രോഗബാധിതനായി. അദ്ദേഹത്തിന്റെ ശരീരത്തിൽ വിഷബാധയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. 1934 മെയ് 26 ന് ഒരു പ്രഷ്യൻ ആശുപത്രിയിൽ അന്തരിച്ചു. ഇന്ത്യൻ പതാക പാറുന്ന കപ്പലിൽ നാട്ടിലേക്കു മടങ്ങണം എന്ന ആഗ്രഹം ജീവിത കാലത്ത് സാധിച്ചില്ല.
* 1935–ൽ ചെമ്പകരാമന്റെ ചിതാഭസ്മം ഭാര്യ മുംബൈയിൽ കൊണ്ടുവന്നു. 1966 സെപ്തംബർ 19 ന് ഐ.എൻ.എസ്. ഡൽഹി എന്ന യുദ്ധക്കപ്പലിൽ അദ്ദേഹത്തിന്റെ ചിതാഭസ്മം കേരളത്തിൽ കൊണ്ടുവന്നു. ഒക്ടോബർ 22–ന് അത് കന്യാകുമാരിൽ നിമജ്ജനം ചെയ്തു.

## ഹസ്രത്ത് മൊഹാനി (1875–1951)

* ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയും ഉറുദു കവിയും പത്രപ്രവർത്തകനും ആയിരുന്നു. ഹസ്രത്ത് മെഹാനി.
* ഉത്തർപ്രദേശിലെ ഉന്നാവോ ജില്ലയിൽ 1875 ജനുവരി ഒന്നിന് ജനിച്ചു. സെയ്ദ് ഫസുൽ ഹസൻ എന്നായിരുന്നു. യഥാർഥ പേര്. ഹസ്രത്ത് എന്ന പേര് ഉറുദു കാവ്യരചനയ്ക്ക് സ്വീകരിക്കുകയായിരുന്നു.



* ബാലഗംഗാധര തിലകനൊപ്പം സ്വാതന്ത്ര്യസമരത്തിന്റെ മുൻനിരയിൽ പ്രവർത്തിച്ചു. തീവ്ര ഭക്തി നിറഞ്ഞ നിരവധി കൃഷ്ണഗീതങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി.
* ഇൻക്വിലാബ് സിന്ദാബാദ് എന്ന മുദ്രാവാക്യം 1921–ൽ മൊഹാനിയാണ് മുന്നോട്ടു വച്ചത് എന്നത് സംബന്ധമായ ചരിത്ര പരാമർശങ്ങളുണ്ട് (മുഹമ്മദ് ഇക്ബാലാണ് ഇൻക്വിലാബ് സിന്ദാബാദിന്റെ ഉപജ്ഞാതാവ് എന്നും പരാമർശിക്കപ്പെടുന്നു)
* അനേകം വർഷം തടവറയിൽ കഴിയേണ്ടിവന്ന മൊഹാനിയുടെ രചനകളിൽ പലതും ജയിലറകളിലാണ് പിറവി കൊണ്ടത്. ഉർദു ഹേ മുഹല്ല എന്ന അദ്ദേഹത്തിന്റെ പത്രം ബ്രിട്ടീഷുകാർ നിരോധിക്കുകയുണ്ടായി.
* ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി പൂർണ സ്വാതന്ത്ര്യം (ആസാദി–എ–കലാമി) എന്ന ആവശ്യം ഉയർത്തിയത് മൊഹാനിയായിരുന്നു.
* ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ തുടക്കക്കാരിലൊരാളായിരുന്ന ഹസ്രത്ത് മൊഹാനിയുടെ നിര്യാണം 1951 മെയ് 13 ന് ലക്നൗവിൽ ആയിരുന്നു.

## ഭഗവാൻ ദാസ് (1869–1958)

* 1955–ൽ രാജ്യത്തെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ ഭാരത രത്നയിലൂടെ ആദരിക്കപ്പെട്ട ഭഗവാൻ ദാസ് വിദ്യാഭ്യാസ വിചക്ഷണൻ, എഴുത്തുകാരൻ, തിയോസഫിസ്റ്റ് എന്നീ നിലകളിൽ പ്രസിദ്ധിനേടിയ വ്യക്തിയാണ്.
* 1869 ജനുവരി 12 ന് യുണൈറ്റഡ് പ്രൊവിൻസിലെ വാരണാസിയിൽ ജനിച്ചു.
* ആനിബസന്റിന്റെ പ്രസംഗത്തിൽ ആകൃഷ്ടനായ അദ്ദേഹം 1894–ൽ തിയോസഫിക്കൽ സൊസൈറ്റിയിൽ അംഗമായി.



* 1898–ൽ ആനിബസന്റുമായി ചേർന്ന് സ്ഥാപിച്ച സെൻട്രൽ ഹിന്ദു സ്കൂളാണ് പിൽക്കാലത്ത് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയായി മാറിയത്.
* സംസ്കൃത പണ്ഡിതനായിരുന്ന അദ്ദേഹം സംസ്കൃതത്തിലും ഹിന്ദിയിലും, മുപ്പതിലധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.
* ബ്രിട്ടീഷ് ഇന്ത്യയിലെ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ അംഗമായിരുന്നു.
* 1958 സെപ്തംബർ 18–ന് അന്തരിച്ചു.

## ബിർസ മുണ്ട (1875–1900)

* ബ്രിട്ടീഷുകാർക്കെതിരെ മുണ്ട ആദിവാസി വിഭാഗത്തിന്റെ ഉൽഗുലാന് (സ്വാതന്ത്ര്യസമരം) നേതൃത്വം നൽകിയ ആദിവാസി സ്വാതന്ത്ര്യ സമര നേതാവാണ് ബിർസ മുണ്ട.
* 1875 നവംബർ 15–ന് ഇന്നത്തെ ജാർഖണ്ഡ് സംസ്ഥാനത്തിലെ ഖുന്തി ജില്ലയിലെ ഉലിഹന്തുവിലാണ് ബിർസ മുണ്ട ജനിച്ചത്. ജാർഖണ്ഡ് സംസ്ഥാനം നിലവിൽ വന്നത് ബിർസ മുണ്ടയുടെ ജന്മദിനത്തിലാണ്. (2000)
* ബ്രിട്ടീഷുകാരുടെ ചൂഷണംമൂലം ആദിവാസികളുടെ ജീവിതം പ്രതിസന്ധിയിലായി. നിവൃത്തികെട്ട് അവർ പ്രതികരിച്ചു. ബിർസ മുണ്ട അവരുടെ നേതാവായി.
* ബ്രിട്ടീഷുകാർ ബിർസ മുണ്ടയെ അറസ്റ്റു ചെയ്തു. റാഞ്ചി ജയിലിൽ 1900 ജൂൺ ഒമ്പതിന് മുണ്ട അന്തരിച്ചു.
* ദൈവത്തിന്റെ അവതാരമെന്നും ലോകത്തിന്റെ പിതാവെന്നും വാഴ്ത്തപ്പെട്ട ഗോത്രവർഗ്ഗ നേതാവാണ് ബിർസ മുണ്ട.
* ഇന്ത്യൻ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഛായാ ചിത്രം തൂക്കപ്പെട്ട ആദ്യ ആദിവാസി നേതാവാണ് ബിർസാ മുണ്ട.
* ജ്ഞാനപീഠ ജേതാവായ മഹാശ്വേതാ ദേവിയുടെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരത്തിനർഹമായ ആരണ്യേ അധികാർ എന്ന നോവലിലെ കേന്ദ്ര കഥാപാത്രമാണ് ബിർസ മുണ്ട.
* ബിർസ മുണ്ട വിമാനത്താവളം റാഞ്ചിയിലാണ്.



## നാനാ സാഹിബ് (1824–)

* 1857 ലെ കലാപകാലത്ത് കാൺപൂരിൽ നേതൃത്വം പകർന്ന നാനാ സാഹിബിന്റെ ജനനം 1824 മെയ് 19 ന് ആയിരുന്നു. നാരായൺ ഭട്ടും ഗംഗാഭായിയും മാതാപിതാക്കൾ. ബാല്യകാല നാമം ധോണ്ടു പാന്ത്.
* പേഷ്വാ ബാജിറാവു രണ്ടാമൻ മക്കളില്ലാത്തതിനാൽ നാനാ സാഹിബ്ബിനെയും അനുജനെയും 1827–ൽ ദത്തെടുത്തു.
* നാനാ സാഹിബിന്റെ ബാല്യകാല സുഹൃത്തുക്കൾ താന്തിയാ തോപ്പി, ലക്ഷിബായി, അസിമുള്ള ഖാൻ എന്നിവരായിരുന്നു.
* 1851–ൽ ബാജിറാവു രണ്ടാമൻ നിര്യാതനായി. അസിമുള്ള ഖാൻ നാനാ സാഹിബ്ബിന്റെ കീഴിൽ ദിവാനായി.
* ബാജിറാവു രണ്ടാമന് ബ്രിട്ടീഷുകാർ നൽകിയിരുന്ന പെൻഷൻ, ദത്തുപുത്രനാണെന്ന ന്യായം പറഞ്ഞ് നാനാ സാഹിബ്ബിന് നിഷേധിച്ചു. മാത്രമല്ല, ദത്തപഹാര നയത്തിലൂടെ രാജ്യത്തിനെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അധീനതയിലേക്ക് മാറ്റുകയും ചെയ്തു.
* തന്റെ പ്രശ്നങ്ങൾ ബ്രിട്ടീഷ് സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനായി നാനാ സാഹിബ് 1853–ൽ അസിമുള്ള



ഖാനെ ഇംഗ്ലണ്ടിലേക്ക് അയച്ചെങ്കിലും ഖാൻ തന്റെ ദൗത്യത്തിൽ പരാജിതനായി മടങ്ങിയെത്തി (1855).
* 1857–ൽ പൊട്ടിപ്പുറപ്പെട്ട കലാപം കാൺപൂരിലേക്ക് വ്യാപിക്കുകയാണെങ്കിൽ ബ്രിട്ടീഷുകാരെ സഹായിക്കാമെന്ന് നാനാ സാഹിബ് അവർക്ക് ഉറപ്പ് നൽകിയിരുന്നെങ്കിലും പിന്നീടദ്ദേഹം കലാപകാരികൾക്കൊപ്പം നിലകൊള്ളുന്ന സമീപനമാണ് സ്വീകരിച്ചത്. ജനറൽ വീലർ നേതൃത്വം നൽകിയ ബ്രിട്ടീഷ് സേന നാനാ സാഹിബിനോട് അടിയറവ് പറഞ്ഞു.
* കീഴടങ്ങിയ സേന സതി ചൗരാഘട്ട് വഴി അലഹബാദിലേക്ക് പലായനം ചെയ്യാൻ തീരുമാനിച്ചു. ആശയക്കുഴപ്പത്തിന്റെ ഫലമായി സതി ചൗരാഘട്ടിൽ നടന്ന വെടിവയ്പിൽ നിരവധി ഇംഗ്ലീഷുകാർ കൊല്ലപ്പെട്ടു. സതീ ചൗരയിൽ നിന്ന് രക്ഷപ്പെട്ട സ്ത്രീകളേയും കുട്ടികളേയും കാൺപൂരിലുള്ള ബിബി ഘർ എന്ന് അറിയപ്പെടുന്ന സ്ത്രീകൾക്ക് മാത്രമുള്ള ചെറിയ കൊട്ടാരത്തിലേക്ക് മാറ്റി. പിന്നീട് ഇവരെ കൂട്ടക്കൊല ചെയ്തു.
* 1857 ജൂലൈ 19–ന് ഹാവെലോക്കിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് സൈന്യം കാൺപൂർ കീഴടക്കി. നാനാസാഹിബ്ബ് ബിഥൂരിലേക്ക് കടന്നു. പിന്നീട് നാനാ സാഹിബ്ബ് യുദ്ധരംഗത്ത് പ്രത്യക്ഷപ്പെട്ടില്ല.
* 1859–ൽ നാനാസാഹിബ്ബ് നേപ്പാളിലേക്ക് പലായനം ചെയ്തു.

# പ്രസ്ഥാനങ്ങളും സ്ഥാപകരും

1. 1838–ൽ സ്ഥാപിതമായ, ആധുനിക ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രീയ സംഘടന:
(എ) ലാൻഡ്ഹോൾഡേഴ്സ് അസോസിയേഷൻ
(ബി) ഇന്ത്യൻ അസോസിയേഷൻ
(സി) ഇന്ത്യൻ നാഷണൽ കോൺഗ്രസ്
(ഡി) മുസ്ലിം ലീഗ്
2. റോയൽ ഏഷ്യാറ്റിക് സൊസൈറ്റി സ്ഥാപിച്ചതാര്?
(എ) വാറൻ ഹേസ്റ്റിങ്സ് (ബി) എ.ഒ.ഹ്യൂം
(സി) വില്യം ജോൺസ് (ഡി) മാക്സ് മുള്ളർ
3. ആരാണ് 1784–ൽ ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചത്?
(എ) എ.ഒ.ഹ്യൂം (ബി) വാറൻ ഹേസ്റ്റിങ്സ്
(സി) ഹെൻറി വിവിയൻ ഡെറോസിയോ
(ഡി) വില്യം ജോൺസ്
4. മുഹമ്മദൻ ലിറ്റററി സൊസൈറ്റിയുടെ സ്ഥാപകനാര്?
(എ) ആഗാ ഖാൻ (ബി) സയ്യദ് അഹമ്മദ് ഖാൻ
(സി) നവാബ് അബ്ദുൾ ലത്തീഫ്
(ഡി) മിർസാ ഗുലാം അഹമ്മദ്
5. മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ കോളേജ് സ്ഥാപിച്ചതാര്?
(എ) മുഹമ്മദലി ജിന്ന (ബി) സയ്യദ് അഹമ്മദ് ഖാൻ
(സി) മുഹമ്മദ് ഇക്ബാൽ (ഡി) സലിമുള്ള ഖാൻ
6. 1866–ൽ ഈസ്റ്റിന്ത്യാ അസോസിയേഷൻ സ്ഥാപിച്ചതാര്?
(എ) ഡബ്ല്യു.സി.ബാനർജി (ബി) ദാദാഭായ് നവറോജി
(സി) മഹാത്മാ ഗാന്ധി
(ഡി) മഹാദേവ് ഗോവിന്ദ് റാനഡേ
7. 1888–ൽ ഇന്ത്യൻ പാട്രിയോട്ടിക് അസോസിയേഷൻ സ്ഥാപിച്ചതാര്?
(എ) ആഗാ ഖാൻ
(ബി) ഖാൻ അബ്ദുൾ ഗാഫർ ഖാൻ
(സി) നവാബ് അബ്ദുൾ ലത്തീഫ്
(ഡി) സയ്യദ് അഹമ്മദ് ഖാൻ
8. 1906–ൽ മുസ്ലിം ലീഗ് സ്ഥാപിച്ചതാര്?
(എ) നവാബ് അബ്ദുൾ ലത്തീഫ്
(ബി) മുഹമ്മദലി ജിന്ന
(സി) ആഗാ ഖാൻ (ഡി) മുഹമ്മദ് ഇക്ബാൽ
9. 1911–ൽ സോഷ്യൽ സർവീസ് ലീഗ് സ്ഥാപിച്ചതാര്?
(എ) ഡോ.അംബേദ്കർ (ബി) എം.ജി.റാനഡേ
(സി) എൻ.എം.ജോഷി (ഡി) ജി.ജി.അഗാർക്കർ
10. 1918–ൽ ഇന്ത്യൻ ലിബറൽ ഫെഡറേഷൻ സ്ഥാപിച്ചത്?
(എ) കെ.എം.മുൻഷി (ബി) ഡോ.അംബേദ്കർ
(സി) സുരേന്ദ്രനാഥ് ബാനർജി (ഡി) എൻ.എം.ജോഷി
11. ഓൾ ഇന്ത്യ ഷെഡ്യൂൾഡ് കാസ്റ്റ് ഫെഡറേഷൻ സ്ഥാപിച്ചതാര്?
(എ) മഹാത്മാ ഗാന്ധി (ബി) ജഗജീവൻ റാം
(സി) ഡോ.അംബേദ്കർ (ഡി) ജി.ജി.അഗാർക്കർ
12. 1925–ൽ രാഷ്ട്രീയ സ്വയം സേവക് സംഘ് സ്ഥാപിച്ചതാര് ?
(എ) സവാർക്കർ (ബി) അരവിന്ദഘോഷ്
(സി) ഹെഡ്ഗേവാർ (ഡി) മദൻലാൽ
13. 1870–ൽ പൂന സാർവജനിക് സഭ സ്ഥാപിച്ചതാര്?
(എ) എം.ജി.റാനഡേ
(ബി) ബാലഗംഗാധര തിലക്
(സി) ജ്യോതിബ ഫുലേ (ഡി) ഡി.ഇ.വാച
14. 1875–ൽ ഇന്ത്യൻ ലീഗ് സ്ഥാപിച്ചതാര്?
(എ) ഡബ്ല്യു.സി.ബാനർജി (ബി) എസ്.എൻ.ബാനർജി
(സി) ബാലഗംഗാധര തിലക്
(ഡി) ശിശിർകുമാർ ഘോഷ്
15. സെർവന്റ്സ് ഓഫ് ഗോഡ് അഥവാ ഖുദായ് ഖിത്മദ്ഗാർ എന്ന സംഘടനയുടെ സ്ഥാപകൻ?
(എ) നവാബ് അബ്ദുൾ ലത്തീഫ്
(ബി) മുഹമ്മദലി ജിന്ന (സി) ആഗാ ഖാൻ
(ഡി) ഖാൻ അബ്ദുൾ ഗാഫർഖാൻ
16. ആനന്ദ മോഹൻ ബോസും സുരേന്ദ്രനാഥ് ബാനർജിയും ചേർന്ന് 1876–ൽ ആരംഭിച്ച പ്രസ്ഥാനം:
(എ) ഇന്ത്യൻ അസോസിയേഷൻ
(ബി) ഇന്ത്യൻ ലീഗ്
(സി) സേവാ സമിതി
(ഡി) പൂന സാർവജനിക് സഭ
17. 1885–ൽ ജി.ജി.അഗാർക്കർ, മഹാദേവ് ഗോവിന്ദ് റാനഡേ, വി.ജി.ചിപ്ലുങ്കാർ എന്നിവർ ചേർന്ന് ആരംഭിച്ച സംഘടന:
(എ) ഇന്ത്യൻ ലീഗ്
(ബി) ബോംബെ പ്രസിഡൻസി അസോസിയേഷൻ
(സി) ഡെക്കാൺ എഡ്യുക്കേഷൻ സൊസൈറ്റി
(ഡി) സത്യശോധക് സമാജം
18. 1938–ൽ ഭാരതീയ വിദ്യാഭവൻ സ്ഥാപിച്ചതാര്?
(എ) കെ.എം.മുൻഷി (ബി) അരവിന്ദഘോഷ്
(സി) സുഭാഷ് ചന്ദ്രബോസ്
(ഡി) സി.രാജഗോപാലാചാരി
19. രാമകൃഷ്ണമിഷൻ സ്ഥാപിച്ചതാര്?
(എ) ശ്രീരാമകൃഷ്ണ പരമഹംസർ
(ബി) ഈശ്വരചന്ദ്ര വിദ്യാസാഗർ
(സി) സ്വാമി വിവേകാനന്ദൻ
(ഡി) ശിവനാരായൺ അഗ്നിഹോത്രി
20. ആരാണ് ആര്യസമാജം സ്ഥാപിച്ചത്?
(എ) രാജാറാം മോഹൻ റോയ്
(ബി) സ്വാമി വിവേകാനന്ദൻ
(സി) ദയാനന്ദ് സരസ്വതി (ഡി) ലാലാ ലജ്പത് റായ്

### Answers

1 (a) 2 (a) 3(d) 4(c) 5 (b) 6(-b) 7(-d) 8(c ) 9(c) 10(c) 11(c) 12(c) 13(a) 14(d) 15(d) 16(a) 17(c) 18(a) 19(c) 20(c)

## വിപ്ലവ പ്രസ്ഥാനങ്ങളും സാരഥികളും

1. ആധുനിക ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രീയ കൊലപാതകം നടത്തിയത്:
(എ) ചപേകർ സഹോദരൻമാർ (ബി) ഭഗത് സിങ്
(സി) ഷേർ അലി (ഡി) ഖുദിറാം ബോസ്
2. ആധുനിക ഇന്ത്യയിലെ ആദ്യത്തെ രാഷ്ട്രീയ കൊലപാതകം നടന്ന വർഷം:
(എ) 1897 (ബി) 1899
(സി) 1893 (ഡി) 1891
3. മുസാഫർപൂരിലെ ജഡ്ജിയായിരുന്ന കിങ്സ്ഫോർഡിനെ വകവരുത്തുന്നതിന് ആസൂത്രണം ചെയ്ത ഉദ്യമത്തിൽ ഖുദിറാം ബോസിന്റെ സഹപോരാളിയായിരുന്നത്:
(എ) ഭഗത് സിങ് (ബി) ചന്ദ്രശേഖർ ആസാദ്
(സി) പ്രഫുല്ല ചാകി (ഡി) ഉദ്ദം സിങ്
4. പബ്ലിക് സേഫ്റ്റി ബില്ലിനെതിരെ പ്രതിഷേധിക്കാൻ 1929–ൽ സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലിയിൽ ബോംബെറിഞ്ഞതാര്?
(എ) ചന്ദ്രശേഖർ ആസാദ് (ബി) ഭഗത് സിങ്
(സി) ലാലാ ഹർദയാൽ (ഡി) ഷേർ അലി
5. ഏത് കേസുമായി ബന്ധപ്പെട്ടാണ് രാം പ്രസാദ് ബിസ്മിൽ തൂക്കിലേറ്റപ്പെട്ടത്?
(എ) ഡെൽഹി ഗൂഢാലോചന കേസ്
(ബി) കാക്കോറി ഗൂഢാലോചനകേസ
(സി) അലിപ്പൂർ ഗൂഢാലോചന കേസ്
(ഡി) മീററ്റ് ഗൂഢാലോചന കേസ്
6. ലാലാ ലജ്പത്റായിയുടെ മരണത്തിന് പ്രതികാരമായി സാൻഡേഴ്സിനെ വധിച്ചതാര്?
(എ) ഭഗത് സിങ് (ബി) ചന്ദ്രശേഖർ ആസാദ്
(സി) പ്രഫുല്ല ചാകി (ഡി) ഉദ്ദം സിങ്
7. ഇന്ത്യൻ വിപ്ലവത്തിന്റെ മാതാവ് എന്നു വിശേഷിപ്പിക്കപ്പെട്ടതാരാണ്?
(എ) ആനി ബസന്റ് (ബി) സരോജിനി നായിഡു
(സി) പ്രീതിലത വദേദാർ (ഡി) മാഡം ഭിക്കാജി കാമ
8. ട്രേഡ് യൂണിയൻ–കമ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട 31 നേതാക്കൾ അറസ്റ്റിലായത് ഏത് കേസുമായി ബന്ധപ്പെട്ടാണ്?
(എ) ഡെൽഹി ഗൂഢാലോചന കേസ്
(ബി) കാക്കോറി ഗൂഢാലോചന കേസ്
(സി) അലിപ്പൂർ ഗൂഢാലോചന കേസ്
(ഡി) മീററ്റ് ഗൂഢാലോചന കേസ്
9. ജാലിയൻവാലാബാഗ് കൂട്ടക്കൊലയ്ക്ക് പ്രതികാരം ചെയ്ത വിപ്ലവകാരി:
(എ) ഭഗത് സിങ് (ബി) ചന്ദ്രശേഖർ ആസാദ്
(സി) പ്രഫുല്ല ചാകി (ഡി) ഉദ്ദം സിങ്
10. ഏത് കേസുമായി ബന്ധപ്പെട്ടാണ് അരവിന്ദഘോഷ് വിചാരണ നേരിട്ടത്?
(എ) അലിപ്പൂർ ഗൂഢാലോചന കേസ്
(ബി) കാക്കോറി ഗൂഢാലോചന കേസ
(സി) മീററ്റ് ഗൂഢാലോചന കേസ്
(ഡി) ഡെൽഹി ഗൂഢാലോചന കേസ്
11. ചിറ്റഗോങ് ആയുധപ്പുര ആക്രമണത്തിന്റെ മുഖ്യ സൂത്രധാരൻ:
(എ) ചന്ദ്രശേഖർ ആസാദ് (ബി) ബിനാ ദാസ്
(സി) സൂര്യ സെൻ (ഡി) രാജ് ഗുരു
12. അലഹബാദിലെ ആൽഫ്രഡ് പാർക്കിൽ പൊലീസിനോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ചത്:
(എ) ഉദ്ദം സിങ് (ബി) ചന്ദ്രശേഖർ ആസാദ്
(സി) സുഖ്ദേവ് (ഡി) ഭഗത് സിങ്
13. ഷഹീദ്–ഇ–ഹിന്ദ് എന്നറിയപ്പെട്ടതാര്?
(എ) ഭഗത് സിങ് (ബി) മുഹമ്മദലി ജിന്ന
(സി) ഖുദിറാം ബോസ് (ഡി) ഉദ്ദം സിങ്
14. ബംഗാൾ ഗവർണറായിരുന്ന സ്റ്റാൻലി ജാക്സണെ സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിൽ വധിക്കാൻ ശ്രമിച്ചത്:
(എ) പ്രീതിലത വദേദാർ (ബി) അരുണ ആസഫ് അലി
(സി) മാഡം കാമ (ഡി) ബിനാ ദാസ്
15. സൂര്യസെന്നിനെ തൂക്കിലേറ്റിയത് ഏത് വർഷമായിരുന്നു?
(എ) 1931 (ബി) 1932
(സി) 1933 (ഡി) 1934
16. സൂര്യസെന്നിന് ഒപ്പം തൂക്കിലേറ്റപ്പെട്ട വിപ്ലവകാരി:
(എ) താരകനാഥ് സിങ് (ബി) താരകേശ്വർ ദസ്തിദാർ
(സി) സുഖ്ദേവ് (ഡി) ഭഗത് സിങ്
17. താഴെപ്പറയുന്നവരിൽ ആരാണ് സൂര്യ സെന്നിനൊപ്പം വിചാരണ നേരിട്ട വനിത:
(എ) ബിനാ ദാസ് (ബി) മാഡം കാമ
(സി) കൽപ്പന ദത്ത (ഡി) കാദംബിനി ഗാംഗുലി
18. ഇൻക്വിലാബ് സിന്ദാബാദ് എന്നത് ആദ്യമായി മുദ്രാവാക്യമായി ഉയർത്തിയ നേതാവ്:
(എ) ചന്ദ്രശേഖർ ആസാദ് (ബി) ഭഗത് സിങ്

(സി) ഖുദിറാം ബോസ് (ഡി) ഉദ്ദം സിങ്

19. കാക്കോറി ഗൂഢാലോചനക്കേസിന് നിദാനമായ സംഭവം നടന്ന വർഷം:
(എ) 1924 (ബി) 1925
(സി) 1926 (ഡി) 1927

20. എവിടെയാണ് ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ 1924–ൽ രൂപവത്കൃതമായത്:
(എ) കൽക്കട്ട (ബി) ലാഹോർ
(സി) ബോംബെ (ഡി) കാൺപൂർ

21. മാസ്റ്റർദാ എന്ന അപരനാമത്തിലറിയപ്പെട്ട വിപ്ലവകാരി:
(എ) അരവിന്ദഘോഷ് (ബി) ഭഗത് സിങ്
(സി) സൂര്യ സെൻ (ഡി) ചന്ദ്രശേഖർ ആസാദ്

22. ഏത് വർഷമാണ് മൈക്കൽ ഒ ഡയറിനെ ഉദ്ദം സിങ് കൊലപ്പെടുത്തിയത്?
(എ) 1938 (ബി) 1939
(സി) 1940 (ഡി) 1941

23. 1915 നവംബർ 16–ന് തൂക്കിലേറ്റപ്പെട്ട ഗദ്ദർപാർട്ടി നേതാവ്:
(എ) സോഹൻസിങ് ഭക്ന
(ബി) കർത്താർ സിങ് സരാഭ
(സി) ഭഗത് സിങ് (ഡി) ലാലാ ഹർദയാൽ

24. രാം മുഹമ്മദ് സിങ് ആസാദ് എന്ന പേര് ഏത് സ്വാതന്ത്ര്യ സമരസേനാനിയുമായി ബന്ധപ്പെട്ടിരിക്കുന്നു?
(എ) സുഭാഷ് ചന്ദ്രബോസ് (ബി) ഭഗത് സിങ്
(സി) ഖുദിറാം ബോസ് (ഡി) ഉദ്ദം സിങ്

25. പതിനെട്ട് വയസ്സും എട്ടുമാസവും എട്ടു ദിവസവും പ്രായമുള്ളപ്പോൾ ബ്രിട്ടിഷുകാർ തൂക്കിക്കൊന്ന വിപ്ലവകാരി:
(എ) ഭഗത് സിങ് (ബി) ഷേർ അലി
(സി) ഖുദിറാം ബോസ് (ഡി) കർത്താർ സിങ് സരാഭ

## Answers

1(a) 2(a) 3(c) 4(b) 5(c) 6(a) 7(d) 8(d) 9(d) 10(a) 11(c) 12(b) 13(a) 14(d) 15(d) 16(b) 17 (c) 18(b) 19(b) 20(d) 21(c) 22(c) 23(b) 24(d) 25(c)

## പ്രസിദ്ധീകരണങ്ങളും നേതാക്കളും

1. ആരുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണമാണ് പഖ്തൂൺ?
(എ) മൗലാനാ ആസാദ്
(ബി) ഭഗത് സിങ്
(സി) ഖാൻ അബ്ദുൾ ഗാഫർ ഖാൻ (ഡി) ജിന്ന

2. ദി ഹിന്ദു പത്രം സ്ഥാപിച്ചതാര്?
(എ) സുബ്രമണ്യ അയ്യർ (ബി) എം.ജി.റാനഡേ
(സി) കസ്തൂരി രംഗ അയ്യങ്കാർ
(ഡി) സി.എൻ.അണ്ണാദുരൈ

3. മര്യാദ എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായിരുന്നത്: (എ) മദൻമോഹൻ മാളവ്യ (ബി) ലജ്പത് റായി
(സി) പട്ടാഭി സീതാരാമയ്യ (ഡി) മൗലാനാ ആസാദ്

4. മൂകനായക് എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്:
(എ) ഡോ.അംബേദ്കർ (ബി) സുബ്രമണ്യ അയ്യർ
(സി) ജി.കെ.ഗോഖലെ (ഡി) മദൻമോഹൻ മാളവ്യ

5. ഹംദർദ് എന്ന എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്:
(എ) സയ്യദ് അഹമ്മദ് ഖാൻ (ബി) മഹാത്മാഗാന്ധി
(സി) മൗലാനാ ആസാദ് (ഡി) മുഹമ്മദ് അലി

6. ലാലാ ലജ്പത്റായിയുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം ഏത്?
(എ) ഹരിജൻ (ബി) കേസരി
(സി) മര്യാദ (ഡി) വന്ദേ മാതരം

7. ബോംബെ ക്രോണിക്കിൾ ആരംഭിച്ചതാര്?
(എ) ജിന്ന (ബി) ജി.കെ.ഗോഖലെ
(സി) അഗാർക്കർ (ഡി) ഫിറോസ് ഷാ മേത്ത

8. ബംഗാൾ ഗസറ്റ് ആരംഭിച്ചത്:
(എ) രാജാറാം മോഹൻ റോയ് (ബി) ജെയിംസ് ഹിക്കി
(സി) വില്യം ജോൺസ് (ഡി) ആനി ബെസന്റ്

9. ആനി ബെസന്റുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം ഏത്?
(എ) യുഗാന്തർ (ബി) ന്യൂ ഇന്ത്യ
(സി) അൽ ഹിലാൽ (ഡി) നാഷണൽ ഹെറാൾഡ്

10. കർമയോഗി എന്ന പത്രം ആരംഭിച്ച നേതാവ്:
(എ) അരവിന്ദഘോഷ് (ബി) മഹാത്മാഗാന്ധി
(സി) പട്ടാഭി സീതാരാമയ്യ (ഡി) മദൻമോഹൻ മാളവ്യ

11. ജന്മഭൂമി എന്ന പത്രം ആരംഭിച്ചത്:
(എ) ഡോ.അംബേദ്കർ (ബി) പട്ടാഭി സീതാരാമയ്യ
(സി) രാജാറാം മോഹൻ റോയ്
(ഡി) മദൻമോഹൻ മാളവ്യ

12. ഇന്ദുപ്രകാശിന്റെ പത്രാധിപരായിരുന്നത്:
(എ) മദൻമോഹൻ മാളവ്യ (ബി) ജി.കെ.ഗോഖലെ
(സി) ലജ്പത്റായി (ഡി) അരവിന്ദഘോഷ്

13. ദി ബംഗാളി എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നത്:
(എ) സുഭാഷ് ചന്ദ്രബോസ്
(ബി) സുരേന്ദ്രനാഥ് ബാനർജി
(സി) ഡബ്ല്യു സി ബാനർജി
(ഡി) രാജാറാം മോഹൻ റോയ്

14. സോഷ്യലിസ്റ്റ് എന്ന കമ്യൂണിസ്റ്റ് ജേണൽ പ്രസിദ്ധീകരിച്ചിരുന്നത്:
(എ) എസ് എ ഡാംഗേ (ബി) അജയഘോഷ്
(സി) എംഎൻ റോയ് (ഡി) ഇവരാരുമല്ല

15. രിന്ദ്രകുമാർ ഘോഷും ഭൂപേന്ദ്രകുമാർ ദത്തും ചേർന്ന് 1906–ൽ ആരംഭിച്ച പ്രസിദ്ധീകരണം:
(എ) ഇന്ദുപ്രകാശ് (ബി) ന്യൂ ഇന്ത്യ
(സി) ബംഗാൾ ഗസറ്റ് (ഡി) യുഗാന്തർ

16. വാൻഗാർഡ് എന്ന പ്രസിദ്ധീകരണം തുടങ്ങിയത് ആരാണ്?
(എ) സുഭാഷ് ചന്ദ്രബോസ്
(ബി) സുരേന്ദ്രനാഥ് ബാനർജി
(സി) എം.എൻ. റോയ് (ഡി) രാജാറാം മോഹൻ റോയ്

17. കോമ്രേഡ് എന്ന പത്രം ആരംഭിച്ചത്:
(എ) മുഹമ്മദ് അലി (ബി) എംഎൻ റോയ്
(സി) അജയഘോഷ് (ഡി) എസ് എ ഡാംഗേ

18. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ബ്രിട്ടിഷ് കമ്മിറ്റി 1890–ൽ ആരംഭിച്ച പ്രസിദ്ധീകരണം:
(എ) നാഷണൽ ഹെറാൾഡ് (ബി) വാൻഗാർഡ്
(സി) ഇന്ത്യൻ എക്സ്പ്രസ് (ഡി) ഇന്ത്യ

19. ഹിന്ദു പാട്രിയറ്റ് എന്ന പ്രസിദ്ധീകരണത്തിന്റെ ആദ്യ പത്രാധിപരായിരുന്നത്:
(എ) ഗിരിഷ് ചന്ദ്ര ഘോഷ് (ബി) ഹരിഷ് ചന്ദ്ര മുഖർജി
(സി) സുരേന്ദ്രനാഥ് ബാനർജി
(ഡി) ഡബ്ല്യു സി ബാനർജി

20. 1853–ൽ ഹിന്ദു പാട്രിയറ്റ് എന്ന പ്രസിദ്ധീകരണം സ്ഥാപിച്ചതാരാണ്?
(എ) മധുസൂദൻ റേ (ബി) ഗിരിഷ് ചന്ദ്ര ഘോഷ്
(സി) രാജാറാം മോഹൻ റോയ് (ഡി) കൃഷ്ണദാസ് പാൽ

## Answers

1(c) 2(a) 3(a) 4(a) 5(d) 6(d) 7(d) 8(b) 9(b) 10(a) 11(b) 12(d) 13(b) 14(a) 15(d) 16(c) 17(a) 18(d) 19(a) 20(a)

# EXAMINATION PROGRAMME - MARCH 2017

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| 1 | 01/03/2017 Wednesday 07.30 AM* to 09.15 AM | DRUGS INSPECTOR<br>DRUGS CONTROL DEPARTMENT<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : Questions based on Degree in Pharmacy<br>**Part II :** General Knowledge, Current Affairs & Renaissance in Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **16/02/2017** | 214/16 |
| 2 | 01/03/2017 Wednesday 07.30 AM* to 09.15 AM | ANALYST GRADE III<br>(NCA NOTIFICATION)<br>DRUGS CONTROL DEPARTMENT<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : Questions based on Degree in Pharmacy<br>**Part II :** General Knowledge, Current Affairs & Renaissance in Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions-English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **16/02/2017** | 175/16 SC |
| | | ***COMMON TEST FOR Sl.No.1&2 ABOVE*** | |
| 3 | 02/03/2017 Thursday 07.30 AM* to 09.15 AM | WORKSHOP INSTRUCTOR /INSTRUCTOR GRADE II/ DEMONSTRATOR/DRAFTSMAN GRADE II<br>(COMPUTER HARDWARE AND MAINTENANCE)<br>TECHNICAL EDUCATION DEPARTMENT<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I :** General Knowledge, Current Affairs & Renaissance in Kerala **Part II (a):** Technical Mathematics **(b)**:Basic Civil Engineering **(c)**:Basic Mechanical Engineering **(d)**:Basic Electrical Engineering **(e)**: Basic Electronics Engineering **Part III** : Questions based on Core subject<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions - English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **17/02/2017** | 636/14<br><br>Further details regarding main topics are available on the website |
| 4 | 03/03/2017 Friday | VOCATIONAL INSTRUCTOR IN MAINTENANCE AND OPERATION OF MARINE ENGINES | 490/15 |

| Sl No. | Date & Time | Name of Post, Department & Syllabus | Category No. |
|---|---|---|---|
| | 07.30 AM* to 09.15 AM | KERALA VOCATIONAL HIGHERSECONDARY EDUCATION<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I (a)** : Questions based on Diploma in Mechanical Engineering **(b)**: Questions based on Maintenance and Operation of Marine Engines **Part II** : General Knowledge, Current Affairs & Renaissance in Kerala (Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions- English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **18/02/2017** | |
| 5 | 03/03/2017 Friday 07.30 AM* to 09.15 AM | VOCATIONAL INSTRUCTOR IN MAINTENANCE AND OPERATION OF MARINE ENGINES (BY TRASNFER)<br>KERALA VOCATIONAL HIGHERSECONDARY EDUCATION<br>(FROM QUALIFIED STAFF IN THE MINISTERIAL SUBORDINATE SERVICE OF THE KERALA VOCATIONAL HIGHER SECONDARY EDUCATION DEPARTMENT)<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I (a)** : Questions based on Diploma in Mechanical Engineering **(b)**: Questions based on Maintenance and Operation of Marine Engines **Part II** : General Knowledge, Current Affairs & Renaissance in Kerala<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions- English)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **18/02/2017** | 491/15 |
| | | **COMMON TEST FOR Sl.No.4&5 ABOVE** | |
| 6 | 04/03/2017 Saturday 01.30 PM* to 03.15 PM | FIELD ASSISTANT<br>HEALTH SERVICES<br>**Syllabus:** An Objective Type Test (OMR Valuation) based on the qualification prescribed for the post.<br>**Main Topics:- Part I** : General Knowledge, Current Affairs & Renaissance in Kerala **Part II** : General English **Part III**: Simple Arithmetic &Mental Ability<br>(Maximum Marks : 100) (Duration: 1 hour 15 minutes)<br>(Medium of Questions- Malayalam/Tamil/ Kannada)<br>Candidates can download the Admission Tickets through their One Time Registration Profile in the Website www.keralapsc.gov.in from **18/02/2017** | 236/16 TSR WYND |

# മലയാളം



**(കഴിഞ്ഞ ലക്കം തുർച്ച)**

101. തെറ്റായ രൂപമേത്?
(എ) അഞ്ജലി (ബി) അഞ്ജനം
(സി) അജ്ഞലി (ഡി) അജ്ഞാനം

102. താഴെക്കൊടുത്തിരിക്കുന്നവയിൽ തെറ്റായ പ്രയോഗം ഏത്?
(എ) പ്രവൃത്തി (ബി) നിവൃത്തി
(സി) ആവൃത്തി (ഡി) അതൃത്തി

103. "Did you read the book I gave you?" എന്നതിന്റെ ഏറ്റവും സ്വാഭാവികമായ വിവർത്തനം:
(എ) വായിച്ചോ നീ ഞാൻ തന്ന പുസ്തകം?
(ബി) നീ വായിച്ചോ പുസ്തകം ഞാൻ തന്നത്?
(സി) ഞാൻ തന്ന പുസ്തകം നീ വായിച്ചോ ?
(ഡി) ഞാൻ തന്നതായ പുസ്തകത്തെ നീ വായിച്ചോ?

104. 'He called at my place yesterday' എന്നതിന്റെ പരിഭാഷ:
(എ) ഇന്നലെ എന്റെ സ്ഥലത്തുകൂടെ അവൻ കടന്നുപോയി
(ബി) ഇന്നലെ അവൻ എന്റെ സ്ഥലം സന്ദർശിച്ചു
(സി) ഇന്നലെ അവൻ എന്റെ സ്ഥലത്തേക്ക് വിളിച്ചു
(ഡി) ഇന്നലെ അവൻ എന്റെ സ്ഥലത്തുവന്നു വിളിച്ചു

105. 'The sword is not as mighty as the pen' എന്നതിന്റെ പരിഭാഷ.
(എ) പേനയെക്കാൾ ശക്തി വാളിനാണ്
(ബി) വാളിന് പേനയോളം ശക്തിയില്ല
(സി) വാളും പേനയും ശക്തിയുള്ളതാണ്
(ഡി) വാളും പേനയും തുല്യ ശക്തിയുള്ളവയല്ല

106. ശരിയായ വാക്യരൂപം ഏത്?
(എ) പ്രഭാതം കിഴക്ക് ദിക്കിനെ സിന്ദൂരമണിയിച്ച് പൂക്കളെ വിടർത്തുകയും ചെയ്തു
(ബി) പ്രഭാതം കിഴക്ക് ദിക്കിൽ സിന്ദൂരമണിയിച്ച് പൂക്കൾ വിടർത്തുകയും ചെയ്തു
(സി) പ്രഭാതത്തിൽ കിഴക്ക് സിന്ദൂരമണിയുകയും പൂക്കൾ വിടരുകയും ചെയ്തു
(ഡി) പ്രഭാതത്തിൽ കിഴക്ക് ദിക്ക് സിന്ദൂരമണിയിച്ച് പൂക്കൾ വിടരുകയും ചെയ്തു

107. ശരിയായ പദമേത്?
(എ) വൈകുണ്ടം (ബി) വൈകുണ്ഠം
(സി) വൈകുണ്ഡം (ഡി) വൈകുണ്ഢം

108. This is the standing order എന്നതിന്റെ പരിഭാഷ:
(എ) ഇത് അടിയന്തരമായ ഉത്തരവാണ്
(ബി) ഇതാണ് ഉത്തരവിന്റെ കാലാവധി
(സി) നിലനിൽപിന്റെ ഉത്തരവാണിത്
(ഡി) ഇത് നിലവിലുള്ള ഉത്തരവാണ്

109. പരിമാണം എന്നാൽ:
(എ) മാറ്റം (ബി) സുഗന്ധം
(സി) വളർച്ച (ഡി) അളവ്

110. ശരിയല്ലാത്ത പ്രയോഗമേത്?
(എ) സമ്മേളനത്തിന് മുന്നൂറോളംപേർ ഉണ്ടായിരുന്നു
(ബി) സമ്മേളനത്തിൽ ഏകദേശം മുന്നൂറോളം പേർ ഉണ്ടായിരുന്നു
(സി) സമ്മേളനത്തിൽ ഏകദേശം മുന്നൂറുപേർ ഉണ്ടായിരുന്നു
(ഡി) സമ്മേളനത്തിന് മുന്നൂറുപേർ ഉണ്ടായിരുന്നു

111. ശത്രു എന്നർഥം വരാത്ത പദമേത്?
(എ) മൃഡൻ (ബി) രിപു
(സി) അരി (ഡി) വൈരി

112. 'My love is like a red rose' എന്നതിന്റെ പരിഭാഷ.
(എ) എന്റെ സ്നേഹം ഒരു രക്തപുഷ്പമാകുന്നു
(ബി)എന്റെ സ്നേഹം ഒരു രക്തപുഷ്പം പോലെയാകുന്നു
(സി) എന്റെ സ്നേഹം ഒരു രക്തപുഷ്പത്തിന്റേതാകുന്നു
(ഡി) എന്റെ സ്നേഹം ഒരു രക്തപുഷ്പത്തിലാകുന്നു

113. മോദം എന്ന വാക്കിന്റെ വിപരീതം:
(എ) ആമോദം (ബി) ഖേദം
(സി) പ്രമാദം (ഡി) സന്തോഷം

114. "As you sow so you reap" എന്നതിന്റെ പരിഭാഷ:
(എ) കൊയ്യുന്നതേ വിതയ്ക്കൂ
(ബി) വിതയ്ക്കുന്നത് കൊയ്യാറില്ല
(സി) വിതയ്ക്കുന്നതും കൊയ്യുന്നതും നീയല്ല
(ഡി) വിതയ്ക്കുന്നതേ കൊയ്യൂ

115. "Beating about the bush' എന്നതിനു സമാനമായ ശൈലി:
(എ) വളച്ചുകെട്ടി പറയുക
(ബി) കുറ്റിച്ചെടി തല്ലിയൊതുക്കുക
(സി) അനുസരണക്കേടിനു ശിക്ഷിക്കുക
(ഡി) വളർച്ച മുരടിപ്പിക്കുക

116. താഴെക്കൊടുത്തിരിക്കുന്നവയിൽ ആനയുടെ പര്യായപദമല്ലാത്തത്:
(എ) കരി (ബി) ദന്തി
(സി) ഹസ്തി (ഡി) കൂർമ്മം

117. 'Time and tide wait for no man' എന്നതിന്റെ ആശയം:
(എ) കാലവും തിരമാലയും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല
(ബി) കാലവും തിരമാലയും മനുഷ്യനെ കാത്തുനിൽക്കും
(സി) കാലം തിരമാലയോടൊപ്പം മനുഷ്യനെ കാത്തുനിൽക്കുന്നു
(ഡി) കാലവും തിരമാലയും മനുഷ്യനും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല

118. താഴെക്കൊടുത്തിരിക്കുന്നവയിൽ അർഥംകൊണ്ട് വേറിട്ടുനിൽക്കുന്ന പദമേത്?
(എ) അനുയോജ്യം (ബി) അനുചിതം
(സി) അനുകൂലം (ഡി) അനുഭാവം

119. ശരിയായ പദമേത്?
(എ) വിധർഭ (ബി) വിദർഫ
(സി) വിഥർഭ (ഡി) വിദർഭ

120. ദൃശ്യം എന്നതിന്റെ ശരിയായ വിഗ്രഹാർഥം:
(എ) ദർശിക്കപ്പെടാവുന്നത് (ബി) ദർശിക്കുന്നവൻ
(സി) ദർശിക്കുന്ന ക്രിയ (ഡി) ദർശിക്കുന്ന ശീലം

121. 'മഞ്ജുഷ' ശബ്ദത്തിന്റെ അർഥം:
(എ) തേൻ (ബി) കാൽചിലമ്പ്
(സി) പൂക്കുട (ഡി) അരഞ്ഞാണം

122.പുരോഗതി എന്നതിന്റെ വിപരീതം:
(എ) അധോഗതി (ബി) പശ്ചാത്ഗതി
(സി) സദ്ഗതി (ഡി) ദുർഗതി

123.മകളുടെ മകൻ:
(എ) ജാമാതാവ് (ബി) ശ്വശ്രു
(സി) ദൗഹിത്രൻ (ഡി) സ്നുഷ

124.വീടിന്റെ പര്യായപദമല്ലാത്തത്:
(എ) മന്ദിരം (ബി) ഭവനം
(സി) ഗേഹം (ഡി) ഗഹ്വരം

125. 'She decided to have a go at fashion industry' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഫാഷൻ വ്യവസായം ഉപേക്ഷിക്കാൻ അവൾ തീരുമാനിച്ചു
(ബി) ഫാഷൻ വ്യവസായത്തിൽ ഒരു കൈ നോക്കാൻ അവൾ തീരുമാനിച്ചു
(സി) ഫാഷൻ വ്യവസായത്തിൽനിന്ന് പിൻമാറാൻ അവൾ തീരുമാനിച്ചു
(ഡി) ഫാഷൻ വ്യവസായത്തിൽത്തന്നെ തുടരാൻ അവൾ തീരുമാനിച്ചു

126. താഴെപ്പറയുന്നവയിൽ വേറിട്ടു നിൽക്കുന്ന പദമേത്?
(എ) മിഹിരൻ (ബി) ആദിത്യൻ
(സി) അർക്കൻ (ഡി) സോമൻ

127.സ്വദേശവും സ്വഗൃഹവും വിട്ട് അകലെപ്പോയി താമസിക്കുന്നവൻ എന്നർത്ഥമുള്ള വാക്ക്:
(എ) പരദേശി (ബി) നാടോടി
(സി) പ്രവാസി (ഡി) സന്ന്യാസി

128. വേരുമുതൽ തലപ്പുവരെ എന്നർത്ഥമുള്ളത്:
(എ) ആപാദചൂഡം (ബി) ആചന്ദ്രചതാരം
(സി) ആമൂലാഗ്രം (ഡി) അപാരം

129. 'Exclamation mark'–എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അങ്കുശം (ബി) ഉദ്ധരണി
(സി) വിക്ഷേപണി (ഡി) ഭിത്തിക

130. 'First deserve and then desire' എന്നതിനോട് യോജിക്കുന്ന പഴഞ്ചൊല്ല്:
(എ) കൊക്കിലൊതുങ്ങാവുന്നതേ കൊത്താവൂ
(ബി) മിന്നുന്നതെല്ലാം പൊന്നല്ല
(സി) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
(ഡി) വിത്തുഗുണം പത്ത്

131. ഭൂമി എന്നർത്ഥമില്ലാത്ത പദം:
(എ) ധരണി (ബി) മേദിനി
(സി) അവനി (ഡി) തരണി

132. പ്രഹേളിക എന്ന വാക്കിനർഥം:
(എ) മരുഭൂമി (ബി) കടൽ
(സി) കടങ്കഥ (ഡി) വെള്ളച്ചാട്ടം

133. 'She hit back at her critics' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വിമർശകരുടെ മുന്നിൽ അവൾ വിളറിപ്പോയി
(ബി) വിമർശകർക്കുനേരെ അവൾ ആഞ്ഞടിച്ചു
(സി) വിമർനങ്ങൾക്കുനേരെ അവൾ വാതിൽ കൊട്ടിയടച്ചു
(ഡി) അവൾ വിമർശനങ്ങളിൽ തളരാറില്ല

134.ശരിയായ രൂപമേത്?
(എ) മുഖാന്തിരം (ബി) അനന്തിരവൻ
(സി) കണ്ടുപിടുത്തം (ഡി) തിമിംഗിലം

135. 'To throw cold water' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) തണുത്ത വെള്ളം തളിച്ചു (ബി) തണുപ്പൻ മട്ട്
(സി) നിരുത്സാഹപ്പെടുത്തുക
(ഡി) രഹസ്യം വെളിപ്പെടുത്തുക

136. 'Secularism' എന്നതിനു സമാനമായ മലയാള വാക്ക്:
(എ) മതസാഹോദര്യം (ബി) മതനിരപേക്ഷരത
(സി) മതരാഹിത്യം (ഡി) മതാത്മകത്വം

137. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) അടിയന്തരം (ബി) അതൃത്തി
(സി) അല്ലങ്കിൽ (ഡി) അർത്തം

138. 'Only an objective historical enquiry can provide the answers' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വിപുലമായ ചരിത്രാന്വേഷണത്തിലൂടെ അതിന് ഉത്തരം കണ്ടെത്താനാകും
(ബി) ചരിത്രാന്വേഷണത്തിലൂടെ മാത്രമേ ഉത്തരം കണ്ടെത്താനാകൂ
(സി) സൂക്ഷ്മമായ ചരിത്രാന്വേഷണത്തിലൂടെ മാത്രമേ ഉത്തരം ലഭിക്കൂ
(ഡി) വസ്തുനിഷ്ഠമായ ചരിത്രാന്വേഷണത്തിനു മാത്രമേ ഉത്തരം നൽകാനാകൂ

139. 'അസുരവിത്ത്' എന്ന ശൈലിയുടെ അർഥം:
(എ) ദുഷ്ടസന്തതി
(ബി) അസുരഗണത്തിൽ ജനിച്ചവൻ
(സി) ദേവശത്രു (ഡി) മന്ദബുദ്ധി

140. ശരിയായ പദം തിരഞ്ഞെടുക്കുക:
(എ) അഗാഥം (ബി) അഗാദം
(സി) അഗാധം (ഡി) അകാധം

141. ധുരന്ധരൻ എന്ന പദത്തിന്റെ അർഥം:
(എ) തിരക്കുള്ളവൻ (ബി) അറിവില്ലാത്തവൻ
(സി) വേലക്കാരൻ (ഡി) ചുമതലക്കാരൻ

142. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത്?
(എ) സൃഷ്ടാവ് (ബി) സ്രഷ്ടാവ്
(സി) സ്രഷ്ട്ടാവ് (ഡി) സ്രഷ്ഠാവ്

143. ഭർത്താവ് എന്ന് അർഥമില്ലാത്ത പദമേത്?
(എ) ധവൻ (ബി) രമണൻ
(സി) നായകൻ (ഡി) അന്തണൻ

144. ഭർത്താവിൽ നിഷ്ഠയുള്ളവൾ എന്നർത്ഥമുള്ള പദം:
(എ) പതിവൃത (ബി) പതിവ്രത
(സി) പതിംവര (ഡി) ഇവയൊന്നുമല്ല

145. താഴെപ്പറയുന്നവയിൽ വേറിട്ടുനിൽക്കുന്ന വാക്കേത്?
(എ) സുമം (ബി) കുസുമം
(സി) താമര (ഡി) പുഷ്പം

146. ശരിയായ രൂപമേത്?
(എ) സാസ്കാരികപരം (ബി) ദേശീയപരം
(സി) സ്വയപരിശ്രമം (ഡി) സാഷ്ടാംഗം

147. കുയിലിന്റെ പര്യായമല്ലാത്തത് ഏത്?
(എ) പികം (ബി) കോകിലം
(സി) കപോതം (ഡി) കളകണ്ഠം

148. 'Cricket is n't my cup of tea' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ക്രിക്കറ്റിന്റെ ചായ സമയത്തല്ല അത് നടന്നത്
(ബി) ക്രിക്കറ്റല്ല എന്റെ ഉപജീവനമാർഗം
(സി) ക്രിക്കറ്റിനെക്കാൾ ചായ കുടിയാണെനിക്കിഷ്ടം
(ഡി) ക്രിക്കറ്റിൽ എനിക്ക് അത്ര താൽപര്യമില്ല

149. 'ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ' എന്ന ചൊല്ലിന്റെ അർത്ഥം:
(എ) ആന മെലിഞ്ഞാൽ കെട്ടിയിടാൻ പറ്റില്ല
(ബി) ആന ഒരിക്കലും മെലിയുകയില്ല
(സി) ആനയെ തൊഴുത്തിൽ കെട്ടുകയില്ല (ഡി) വലിയ ആൾക്കാർ എത്ര ക്ഷീണിച്ചാലും ദരിദ്രരാകുകയില്ല

150. 'ചന്ദ്രൻ' എന്നർഥമുള്ളത്:
(എ) ശശം (ബി) ശശാങ്കൻ
(സി) ശശിധരൻ (ഡി) ശശകൻ

151. 'കോരന് കഞ്ഞി കുമ്പിളിൽത്തന്നെ' എന്ന പ്രയോഗത്തിന്റെ അർഥം:
(എ) വലിയ ജോലിക്ക് ചെറിയ കൂലി
(ബി) കുറ്റം ചെയ്തവൻ ശിക്ഷ അനുഭവിക്കും
(സി) ദരിദ്രന്റെ നിലയിൽ മാറ്റമില്ല
(ഡി) ഗത്യന്തരമില്ലെങ്കിൽ എന്തും ഭക്ഷിക്കും

152. താഴെപ്പറയുന്നവയിൽ മകന്റെ ഭാര്യ എന്നർഥമുള്ളത്:
(എ) ജാമാതാവ് (ബി) പ്രപൗത്രി
(സി) സ്നുഷ (ഡി) ദൗഹിത്രി

153. 'People's Plan' എന്നതിന്റെ അനിയോജ്യമായ പരിഭാഷ:
(എ) ജനായത്ത പദ്ധതി (ബി) ജനകീയ പദ്ധതി
(സി) ജനകീയാസൂത്രണം (ഡി) ഇതൊന്നുമല്ല

154. 'A tempest in a tea pot' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) തേയില സൽക്കാരം
(ബി) ചായക്കോപ്പയിലെ കൊടുങ്കാറ്റ്
(സി) ചായക്കടയിൽ ആഘോഷം
(ഡി) ചായപ്പാത്രം കേടാകുക

155. 'The Periyar flows through Kerala' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പെരിയാർ കേരളത്തിലൂടെ ഒഴുകുന്നു
(ബി) പെരിയാർ കേരളത്തിൽ ഒഴുകുന്നു
(സി) പെരിയാർ കേരളത്തിലൂടെ ഒഴുകിക്കൊണ്ടിരിക്കുന്നു
(ഡി) പെരിയാർ കേരളത്തിലൂടെ മാത്രമാണ് ഒഴുകുന്നത്

156. 'Capital Punishment' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) ജീവപര്യന്തം (ബി) വധശിക്ഷ
(സി) കഠിന തടവ് (ഡി) ലഘു തടവ്

157. 'മണിപ്രവാളം' എന്നതിലെ 'പ്രവാള'ത്തിന്റെ അർത്ഥം:

(എ) മാണിക്യം (ബി) പവിഴം
(സി) വൈഡൂര്യം (ഡി) മരതകം
158. സർഗം എന്ന പദത്തിന്റെ പര്യായം:
(എ) നാകം (ബി) തോയം
(സി) നിണം (ഡി) കുവലയം
159. ഗണം എന്ന് അർഥം വരാത്ത പദമേത്?
(എ) അശ്മം (ബി) കൂട്ടം
(സി) സഞ്ചയം (ഡി) സംഘാതം
160. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) ചിലവ് (ബി) തത്വം
(സി) ദാദാവ് (ഡി) ദ്വന്ദ്വയുദ്ധം
161. ഒറ്റപ്പദം കണ്ടെത്തുക– ചിന്തയിൽ മുഴുകിയവൻ:
(എ) ചിന്താഗ്രസ്തൻ (ബി) ചിന്തിതൻ
(സി) ചിന്താമഗ്നൻ (ഡി) ചിന്താതൽപ്പരൻ
162. 'A man had been condemned to death for murder' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഒരു മനുഷ്യനെ കൊലപാതകത്തിനു പ്രേരിപ്പിച്ചു
(ബി) ഒരു മനുഷ്യൻ കൊല ചെയ്യപ്പെട്ടിരുന്നു
(സി) കൊലപാതകത്തിന് ഒരു മനുഷ്യൻ തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിരുന്നു
(ഡി) ഒരു മനുഷ്യനെ കൊലപാതകത്തിന് തൂക്കിക്കൊന്നു
163. ഒറ്റപ്പദം കണ്ടെത്തുക– ഗ്രഹിക്കുന്ന ആൾ:
(എ) ഗ്രാഹകൻ (ബി) ഗ്രഹിതാവ്
(സി) ഗ്രഹണീയൻ (ഡി) ജ്ഞാനി
164. 'Herculean task' എന്നതിനു സമാനമായ മലയാള ശൈലി:
(എ) ഹെർക്കുലിയൻ പ്രയത്നം
(ബി) ഹെർക്കുലിയൻ കടമ
(സി) ഹെർക്കുലിയൻ നിയോഗം
(ഡി) ഭഗീരഥ പ്രയത്നം
165. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ വാക്യം ഏത്?
(എ) സ്ത്രീകളുടെ സീറ്റിലിരുന്ന് യാത്ര ചെയ്യുന്ന പുരുഷൻമാർ ശിക്ഷാർഹമാണ്.
(ബി) ഓരോ പാഠവും ശ്രദ്ധാപൂർവം പഠിക്കണം
(സി) സമ്മേളനത്തിന് ഏകദേശം പതിനാറായിരത്തോളം പേർ പങ്കെടുത്തു (ഡി) ഞാൻ സാധാരണ ഒൻപതുമണിക്ക് സ്കൂളിൽ പോവുകയാണ് പതിവ്
166. ഒറ്റപ്പദം എഴുതുക– വിജയത്തെ ഘോഷിക്കുന്ന യാത്ര:
(എ) ഘോഷയാത്ര (ബി) ജയയാത്ര
(സി) യാത്രാഘോഷം (ഡി) ജൈത്രയാത്ര
167. താഴെക്കൊടുത്തിരിക്കുന്നവയിൽ തെറ്റായ പദം ഏത്?
(എ) ലൗകികം (ബി) മുതലാളിത്തം
(സി) ഐതീഹ്യം (ഡി) പ്രവൃത്തി
168. 'I respond to situations as the case may be' എന്നതിന്റെ പരിഭാഷ:
(എ) എന്റെ പ്രതികരണങ്ങൾ സംഭവബഹുലമായിരിക്കും
(ബി) സംഭവങ്ങളുണ്ടെങ്കിലേ ഞാൻ പ്രതികരിക്കൂ
(സി) അവസരങ്ങൾക്കുവേണ്ടി ഞാൻ പ്രതികരിക്കുന്നു
(ഡി) അവസരോചിതം ഞാൻ സംഭവങ്ങളോടു പ്രതികരിക്കുന്നു
169. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) ജനാതിപദ്ധ്യം (ബി) ജനാധിപധ്യം
(സി) ജനാധിപത്യം ഡി) ജനാതിപത്യം
170. ഭാര്യ എന്ന പദത്തിന്റെ പര്യായം:
(എ) തനുജ (ബി) കളത്രം
(സി) പതി (ഡി) കാന്തി
171. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദം ഏത്?
(എ) തർജ്ജിമ (ബി) തർജ്ജുമ
(സി) തർജിമ (ഡി) തർജമ
172. 'ഓശാന പാടുക' എന്ന ശൈലിയുടെ അർഥം:
(എ) ഏറ്റു പറയുക (ബി)അനുകരിച്ചു കാണിക്കുക
(സി) സ്തുതി പാടുക (ഡി) അടിമപ്പണി ചെയ്യുക
173. സംസ്കൃതത്തിൽ സപ്തതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്:
(എ) 70 (ബി) 80 (സി) 90 (ഡി) 60
174. ശരിയായ രൂപമേത്?
(എ) വിദ്യുത്ശക്തി (ബി) വിദ്യുച്ഛക്തി
(സി) വിദ്യുശ്ശക്തി (ഡി) വിദ്യുച്ചക്തി
175. 'Our neighbours moved in yesterday' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) നമ്മുടെ പുതിയ അയൽക്കാർ ഇന്നലെ വീട്ടിൽവന്നു
(ബി) നമ്മുടെ പുതിയ അയൽക്കാർ ഇന്നലെ സങ്കടപ്പെട്ടു
(സി) നമ്മുടെ അയൽക്കാർ നമ്മുടെ വീട്ടിലേക്ക് ഇന്നലെ വന്നിരുന്നു
(ഡി) നമ്മുടെ പുതിയ അയൽക്കാർ ഇന്നലെ താമസം തുടങ്ങി
176. നാഗരികത കടന്നുചെന്നിട്ടില്ലാത്ത സ്ഥലം എന്നർത്ഥമുള്ളത്:
(എ) കൂപമണ്ഡൂകം (ബി) ഓണംകേറാമൂല
(സി) ഭഗീരഥ പ്രയത്നം (ഡി) ഭരതവാക്യം
177. ആകെ പരിഭ്രമിച്ചവൻ എന്നർഥമുള്ളത്:
(എ) അഴകിയ രാവണൻ (ബി) കൂപമണ്ഡൂകം
(സി) അമ്പലം വിഴുങ്ങി (ഡി) പന്തംകണ്ട പെരുച്ചാഴി
178. താഴെപ്പറയുന്നവയിൽ പര്യായ പദമല്ലാത്തത്:
(എ) ദലം (ബി) വർണം (സി) പത്രം (ഡി) ഇല
179. 'I will be there at two o' clock without fail' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഞാൻ രണ്ടുമണിക്ക് അവിടെയെത്തിയാൽ രക്ഷപ്പെട്ടു
(ബി) പരാജയപ്പെട്ടില്ലെങ്കിൽ ഞാൻ രണ്ടുമണിക്ക് തിരിച്ചെത്തും
(സി) തീർച്ച, ഞാൻ രണ്ടുമണിക്ക് അവിടെ എത്തിയിരിക്കും
(ഡി) ഞാൻ രണ്ടുമണിക്ക് പരാജയപ്പെട്ടിരിക്കും
180. 'Justification' എന്നതിനു തുല്യമായ മലയാള പദം:
(എ) നീതിബോധം (ബി) ന്യായീകരണം
(സി) അസാധുവാക്കൽ (ഡി) വിധിന്യായം
181. 'Palmistry' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഹസ്തരേഖാശാസ്ത്രം (ബി) മുഖലക്ഷണ ശാസ്ത്രം
(സി) ജ്യോതിശാസ്ത്രം (ഡി) നാഡീശാസ്ത്രം
182. 'Learn to say before you sing' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പാടാൻ തുടങ്ങുംമുമ്പ് പഠിക്കുക
(ബി) പഠിച്ചിട്ട് തുടർന്നു പാടുക
(സി) പാടാൻ തുടങ്ങുംമുമ്പ് പറയാൻ പഠിക്കുക
(ഡി) പറയാൻ പഠിക്കുംമുമ്പ് പാടുക
183. 'ചോര നീരാക്കുക' എന്ന ശൈലിയുടെ അർഥം:
(എ) കാലം വെറുതെ കളയുക
(ബി) കഠിനമായി അധ്വാനിക്കുക
(സി) രക്തബന്ധം ഊട്ടിയുറപ്പിക്കുക
(ഡി) അപകടത്തിൽപ്പെടുക
184. ഋജുവിന്റെ ഭാവം എന്നർത്ഥമുള്ളത്:
(എ) വർജ്യം (ബി) അഥർവം
(സി) ആർജവം (ഡി) ദൃശ്യം
185. പ്രണയം: സ്നേഹം:: പ്രയാണം: ..........:
(എ) ജോലി (ബി) വാഹനം
(സി) യാത്ര (ഡി) അഭയം
186. തെറ്റായ ജോടിയേത്?
(എ) വിദ്വാൻ– വിദുഷി (ബി) ലേഖകൻ– ലേഖിക
(സി) ബാലകൻ–ബാലിക (ഡി) കവി–കവിയിത്രി
187. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) മാന്യരെ (ബി) യൗവ്വനം
(സി) വ്യത്യാസം (ഡി) കൈയ്യക്ഷരം
188. 'Barking dog seldom bites' എന്നതിനു സമാനമായ മലയാള ശൈലി:
(എ) പട്ടി കുരയ്ക്കും പക്ഷേ കടിക്കില്ല
(ബി) പട്ടി കുരച്ചിട്ടേ കടിക്കാറുള്ളൂ
(സി) കുരയ്ക്കുംപട്ടി കടിക്കില്ല
(ഡി) പട്ടി കുരച്ചുകൊണ്ട് കടിക്കില്ല
189. 'Where there is a will there is a way' എന്നതിനു സമാനമായ മലയാള ശൈലി:
(എ) ഇച്ഛയുണ്ടെങ്കിൽ വഴിയുണ്ട്
(ബി) മുട്ടുവിൻ തുറക്കപ്പെടും
(സി) മനംപോലെ മംഗല്യം
(ഡി) വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും
190. അനിവാര്യം എന്നാൽ:
(എ) ഒഴിവാക്കാത്ത (ബി) ഒഴിവാക്കാൻ പറ്റാത്ത
(സി) ഒഴിവാക്കാമായിരുന്ന (ഡി) ഒഴിവാക്കിയ
191. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) ശൃംഘല (ബി) ശൃംഖല
(സി) ശ്രംഘല (ഡി) ശൃംങ്കല
192. കച്ചകെട്ടുക എന്നാൽ:
(എ) ഉടുത്തൊരുങ്ങുക (ബി) അണിഞ്ഞൊരുങ്ങുക
(സി) തയ്യാറാവുക (ഡി) മോടി പിടിപ്പിക്കുക
193. 'കൊല്ലക്കുടിയിൽ സൂചി വിൽക്കുക' എന്ന ശൈലിയുടെ അർഥം:
(എ) കൊല്ലൻമാരുടെ ഗൃഹങ്ങളിൽ സൂചി വിൽക്കാൻ ചെല്ലുക
(ബി) വളഞ്ഞ വഴിയിൽ ചിന്തിക്കുക
(സി) ലാഭമില്ലാതെ കച്ചവടം നടത്തുക
(ഡി) ഒരു വസ്തു ധാരാളം ഉള്ളിടത്ത് അത് വിൽക്കാൻ കൊണ്ടുചെല്ലുക
194. വ്യാഴവട്ടം എന്നതിന്റെ അർഥം:
(എ) എട്ടുവർഷം (ബി) പത്തുവർഷം
(സി) പന്ത്രണ്ടുവർഷം (ഡി) പതിനെട്ടുവർഷം
195. തെറ്റിച്ചെഴുതിയ വാക്കേത്?
(എ) സതീർത്ഥ്യൻ (ബി) പുനശ്ചിന്ത
(സി) പ്രസ്ഥാവന (ഡി) ബീഭത്സം
196. 'India has a glorious past' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഭാരതത്തിന്റെ പാരമ്പര്യം തിളക്കമുള്ളതാണ്
(ബി) മഹത്താണ് ഇന്ത്യയുടെ ചരിത്രം
(സി) ഭാരതത്തിന് ഒരു മഹത്തായ പൈതൃകമുണ്ട്
(ഡി) ഇന്ത്യക്ക് ഒരു സുവർണ സംസ്ക്കാരമുണ്ട്
197. 'Wisemen do not lose heart inspite of repeated failures' എന്നതിന്റെ പരിഭാഷ:
(എ) തുടർന്നുണ്ടാവുന്ന പരാജയങ്ങൾ ബുദ്ധിമാൻമാരെ പരാജയപ്പെടുത്തുന്നില്ല
(ബി) ബുദ്ധിമാൻമാർ തുടർന്നുണ്ടാവുന്ന പരാജയങ്ങൾ കൊണ്ട് നിരാശപ്പെടാറില്ല
(സി) പരാജയങ്ങൾക്ക് തുടർച്ചയായി ബുദ്ധിമാൻമാരെ നിരാശപ്പെടുത്താനാവില്ല
(ഡി) നിരാശരായ ബുദ്ധിമാന്മാർ തുടർച്ചയായി പരാജയപ്പെടാറില്ല
198. 'Pop up' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പെട്ടെന്ന് അപ്രത്യക്ഷമാകുക
(ബി) വിചാരിക്കാത്ത നേരത്ത് പ്രത്യക്ഷപ്പെടുക
(സി) പറന്നിറങ്ങുക (ഡി) കല്യാണം ആലോചിക്കുക
199. 'The rate of inflation must be held down' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പണപ്പെരുപ്പ് നിരക്ക് കൂടുകയാണ്
(ബി) പണം കൂടുന്നത് ആർക്കും നന്നല്ല
(സി) വെള്ളപ്പൊക്കക്കെടുതികൾ നിയന്ത്രിച്ചേ പറ്റൂ
(ഡി) പണപ്പെരുപ്പ നിരക്ക് കുറച്ചുകൊണ്ടുവരണം
200. 'പ്രയുക്തം' എന്നാൽ:
(എ) പ്രയോഗിക്കപ്പെട്ടത് (ബി) യുക്തിയുള്ളത്
(സി) പ്രയാസപ്പെടുക (ഡി) പ്രയോജനകരം
201. കോമ ചിഹ്നത്തിന് മലയാളത്തിൽ പറയുന്ന പേര്:
(എ) രോധിനി (ബി) ഭിത്തിക
(സി) വലയം (ഡി) അങ്കുശം
202. ഊഷരം എന്ന പദത്തിന്റെ വിപരീതം:
(എ) ആർദ്രം (ബി) ഉറവ
(സി) ഉർവരം (ഡി) വേനൽ
203. 'Onam is the symbol of the hopes and aspirations of the people of Kerala' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഓണം കേരളീയ ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടെ പ്രതീകമാണ്
(ബി) ഓണം കേരളീയരുടെ സുഖദു:ഖങ്ങളുടെ പ്രതീകമാണ്
(സി) ഓണം കേരളീയ ജനതയിൽ പ്രതീക്ഷയും സ്വപ്നവും ഉണർത്തുന്നു
(ഡി) ഓണം കേരളീയരുടെ മോഹങ്ങളുടെയും മോഹഭംഗങ്ങളുടെയും പ്രതീകമാണ്
204. ശരിയായ രൂപമേത്?
(എ) കഢിനം (ബി) കടിനം
(സി) കഡിനം (ഡി) കഠിനം
205. ആകാശത്തിന്റെ പര്യായപദം:
(എ) ശൈലം (ബി) അവനി
(സി) അനിശം (ഡി) ഗഗനം
206. 'Read between the lines' എന്നതിന്റെ ആശയം:
(എ) എഴുതാപ്പുറം വായിക്കുക
(ബി) പ്രകടമായി പറയാത്ത അർഥം വായിച്ചെടുക്കുക
(സി) പറയാത്ത കാര്യം വ്യാഖ്യാനിച്ചെടുക്കുക
(ഡി) വസ്തുതകൾ വളച്ചൊടിക്കുക
207. അക്ഷരത്തെറ്റില്ലാത്തത് തിരഞ്ഞെടുക്കുക:
(എ) നവഗൃഹം (ബി) നവംഗ്രഹം
(സി) നവഗ്രഹം (ഡി) നവംഗൃഹം
208. സംക്ഷിപ്ത രൂപങ്ങളുടെ അവസാനം ഇടുന്ന ചിഹ്നം:
(എ) പൂർണവിരാമ ചിഹ്നം (ബി) അല്പവിരാമ ചിഹ്നം
(സി) അർധവിരാമ ചിഹ്നം (ഡി) ഉദ്ധരണി ചിഹ്നം
209. 'All human rights for all' എന്നതിന്റെ പരിഭാഷ.
(എ) എല്ലാവരും മനുഷ്യാവകാശങ്ങൾക്കുവേണ്ടി നിലകൊള്ളണം
(ബി) മനുഷ്യർക്കുവേണ്ടിയുള്ളതാണ് അവകാശങ്ങൾ
(സി) എല്ലാ അവകാശങ്ങളും മനുഷ്യരുണ്ടാക്കുന്നു
(ഡി) എല്ലാ മനുഷ്യാവകാശങ്ങളും എല്ലാവർക്കും
210. 'He gave up the idea of writing a novel' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അദ്ദേഹം ഒരു നോവൽ എഴുതുന്നതിനുള്ള ആശയം കണ്ടെത്തി
(ബി) അദ്ദേഹം ഒരു നോവൽ എഴുതാൻ ആരംഭിച്ചു
(സി) നോവൽ എഴുതുക എന്ന ആശയം അദ്ദേഹം ഉപേക്ഷിച്ചു
(ഡി) അദ്ദേഹം ഒരു നോവൽ എഴുതാനുള്ള ആശയം കൊടുത്തു
211. നമ്പ്യാർ എന്നതിന്റെ സ്ത്രീലിംഗം:
(എ) നമ്പ്യാതിരി (ബി) കെട്ടിലമ്മ
(സി) പിഷരസ്യാർ (ഡി) നങ്ങ്യാർ
212. 'This will adversally affect all our plans for development' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഇത് വികസനത്തിനുള്ള ശ്രമങ്ങളെ ത്വരിതപ്പെടുത്തും
(ബി) ഇത് വികസനത്തിനുള്ള നമ്മുടെ എല്ലാ പദ്ധതികളെയും പ്രതികൂലമായി ബാധിക്കും
(സി) ഇത് വികസനത്തിനുള്ള നമ്മുടെ എല്ലാ പദ്ധതികളെയും ത്വരിതപ്പെടുത്തും
(ഡി) വികസനത്തിനുവേണ്ടിയുള്ള നമ്മുടെ എല്ലാ പദ്ധതികളെയും ഇത് പ്രതികൂലമായി ബാധിക്കും
213. തെറ്റായ വാക്യമേത്?
(എ) കുട്ടികളിൽ പലരും ജയിച്ചു
(ബി) കുട്ടികളിൽ തൊണ്ണൂറ് ശതമാനവും ജയിച്ചു
(സി) കുട്ടികളിൽ നൂറിന് തൊണ്ണൂറും പാസായിട്ടുണ്ട്
(ഡി) കുട്ടികളിൽ നൂറിന് തൊണ്ണൂറ് ശതമാനവും ജയിച്ചു
214. പുല്ലിംഗ സ്ത്രീലിംഗ ജോടികളിൽ തെറ്റായത് ഏത്?
(എ) ദേവൻ–ദേവി (ബി) പൂവൻ– പിട
(സി) ലേഖകൻ–ലേഖിക (ഡി) ജനകൻ–ജാനകി
215. 'ചെല്ലം പെരുത്താൽ ചിതലരിക്കും' എന്ന ശൈലിയുടെ അർഥം:
(എ) പണം അധികമുണ്ടായിട്ട് കാര്യമില്ല, ഉപകാരപ്പെടില്ല
(ബി) ചെലവുകൂടിയാൽ നശിച്ചുപോകും
(സി) മുറുക്കാൻ അധികം കഴിക്കരുത്, രോഗം വരും
(ഡി) രാജാവ് ദേഷ്യപ്പെട്ടാൽ സ്ഥിതി അപകടമാകും
216. അക്ഷരങ്ങൾ എഴുതിക്കാണിക്കാൻ ഉപയോഗിക്കുന്ന ചിഹ്നത്തിന് പറയുന്ന പേര്:
(എ) രോധിനി (ബി) അങ്കുശം
(സി) അല്പവിരാമം (ഡി) ലിപി
217. 'His father booted him out of the house' എന്നതിന്റെ ശരിയായ പരിഭാഷ:

(എ) അച്ഛൻ അവനെ ബലമായി വീട്ടിൽനിന്നിറക്കിവിട്ടു
(ബി) അച്ഛൻ അവന്റെ ചെരിപ്പുകൾ വലിച്ചെറിഞ്ഞു
(സി) അച്ഛൻ അവനെ ഗൃഹനാഥനായി വാഴിച്ചു
(ഡി) അച്ഛൻ വീടുവിട്ടിറങ്ങിപ്പോയി

218. 'മരിക്കുക' എന്നർത്ഥമുള്ള ശൈലി:
(എ) ത്രിശങ്കു സ്വർഗം (ബി) പഞ്ചഭൂതമിളക്കുക
(സി) ഉറിയിൽ കയറുക (ഡി) തെക്കോട്ടു പോകുക

219. 'വികാസം' എന്നതിന്റെ വിപരീത പദം :
(എ) അവികാസം (ബി) വികാസരഹിതം
(സി) ചുരുങ്ങൽ (ഡി) സങ്കോചം

220. 'സുഗന്ധം' എന്ന അർത്ഥമുള്ള പദം::
(എ) പരിമാണം (ബി) പരിമുഖം
(സി) പരിമളം (ഡി) പരിമകം

221. 'ക്ഷണനം' എന്ന വാക്കിന്റെ അർത്ഥമല്ലാത്ത പദം:
(എ) വധം (ബി) ഹത്യ
(സി) വിളിക്കൽ (ഡി) നിഹനം

222. 'To grease the palm' എന്നതിന്റെ പൊരുൾ:
(എ) കൈയിൽ എണ്ണ പുരട്ടുക
(ബി) മെയ്‌വഴക്കം പ്രകടിപ്പിക്കുക
(സി) കൈക്കൂലി കൊടുക്കുക
(ഡി) അസാധ്യമായതിനു ശ്രമിക്കുക

223. ആഹാരനീഹാരങ്ങൾ– ഇതിൽ നീഹാരം എന്നാൽ:
(എ) മഞ്ഞുതുള്ളി (ബി) വെള്ളം
(സി) വിസർജനം (ഡി) ഉറക്കം

224. മലയാള വാക്യങ്ങളുടെ പദക്രമം:
(എ) കർത്താവ്, കർമം, ക്രിയ
(ബി) ക്രിയ, കർമം, കർത്താവ്
(സി) കർത്താവ്, ക്രിയ, കർമം
(ഡി) കർമം, കർത്താവ്, ക്രിയ

225. 'Gokhale was one of the freedom fighters' എന്നതിന്റെ പരിഭാഷ:
(എ) ഗോഖലെ ഒരു സ്വാതന്ത്ര്യസമരസേനാനി ആയിരുന്നു
(ബി) ഗോഖലെ സ്വാതന്ത്ര്യസമര സേനാനികളോടൊപ്പമായിരുന്നു
(സി) ഒരു ഒറ്റയാൻ സ്വാതന്ത്ര്യസമരസേനാനി ആയിരുന്നു ഗോഖലെ
(ഡി) സ്വാതന്ത്ര്യസമര സേനാനികളിൽ ഒരാളായിരുന്നു ഗോഖലെ

226. 'Lily is the queen of flowers' എന്നതിന്റെ പരിഭാഷ:
(എ) ലില്ലി പൂക്കൾക്ക് റാണിയാണ്
(ബി) പുഷ്പങ്ങളുടെ ഇടയിലെ റാണിയാണ് ലില്ലി
(സി) പുഷ്പങ്ങളുടെ റാണിയാണ് ലില്ലി
(ഡി) ലില്ലിയെ പുഷ്പങ്ങൾ റാണിയാക്കുന്നു

227. 'Prima facie' എന്നാൽ:
(എ) ആദ്യാനുരാഗം (ബി) മുഖ്യപ്രതി
(സി) പ്രഥമദൃഷ്ട്യാ (ഡി) പ്രധാന ഉപദേഷ്ടാവ്

228. ഔദ്യോഗികമായ കത്തിടപാടുകളിൽ Subject എന്ന ഇംഗ്ലീഷ് പദത്തിന്റെ സ്ഥാനത്ത് ഉപയോഗിക്കുന്ന പദം:
(എ) വിഷയം (ബി) വ്യക്തി
(സി) പ്രശ്നം (ഡി) സൂചന

229. 'When I met her in 1975, she had been working there for four years' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) 1975–ൽ ഞാൻ അവളെ കണ്ടപ്പോൾ അവൾ അവിടെ നാലുവർഷം ജോലി ചെയ്തിട്ടുണ്ട്
(ബി) 1975–ൽ അവിടെ നാലുവർഷം ജോലി നോക്കിയതിൽപ്പിന്നെയാണ് ഞാൻ അവളെ കണ്ടത്
(സി) 1975–ൽ ഞാൻ അവളെ കാണുമ്പോൾ അവൾ അവിടെ നാലു വർഷമായി ജോലി ചെയ്യുകയായിരുന്നു
(ഡി) 1975–ൽ ഞാൻ അവളെ കണ്ടപ്പോൾ അവൾ അവിടെ നാലുവർഷത്തെ ജോലി പൂർത്തിയാക്കിയിരുന്നു

230. 'Habitat' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പാർപ്പിടം (ബി) വസ്തു
(സി) പരിചയപ്പെടൽ (ഡി) സ്വാഭാവികം

231. സമാനമായ ശൈലി ഏത്? 'All that glitters are not gold'
(എ) കാണുന്നതൊന്നും സത്യമല്ല
(ബി) അഴകുള്ള ചക്കയിൽ ചുളയില്ല
(സി) തിളങ്ങുന്നതൊന്നും സ്വർണമല്ല
(ഡി) മിന്നുന്നതെല്ലാം പൊന്നല്ല

232. ' He hardly works' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവൻ കഠിനമായി ജോലി ചെയ്യുന്നു
(ബി) ഏത് കഠിനജോലിയും അവൻ ചെയ്യും
(സി) അവൻ കുറച്ചു ജോലി ചെയ്യുന്നു
(ഡി) അവൻ ജോലി ചെയ്യാറില്ല

233. പ്രേഷണം എന്ന പദത്തിന്റെ അർത്ഥം:
(എ) കാഴ്ച (ബി) നൽകുക
(സി) കേൾക്കുക (ഡി) അയയ്ക്കപ്പെടൽ

234. 'Fraction' എന്നതിനു തുല്യമായ മലയാള പദം:
(എ) ഭിന്നതലം (ബി) ഭിന്നരൂപം
(സി) ഭിന്നസംഖ്യ (ഡി) ഇതൊന്നുമല്ല

235. 'He didn't carry out the promise' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അയാൾ ആ വാഗ്ദാനം നിറവേറ്റിയില്ല
(ബി) അയാൾ ആ സ്വപ്നം നടപ്പാക്കിയില്ല
(സി) അയാൾ തന്റെ ചുമതല നിറവേറ്റിയില്ല
(ഡി) അയാൾ ആ വാഗ്ദാനത്തിൽനിന്ന് പിൻമാറിയില്ല

236. Envy is the sorrow of fools എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അസൂയ വിഡ്ഢിയുടെ ദു:ഖമാണ്
(ബി) വിഡ്ഢികൾക്ക് അസൂയമൂലം ദു:ഖിക്കേണ്ടിവരും
(സി) അസൂയ പെരുത്തവൻ വിഡ്ഢിയാണ്
(ഡി) അസൂയയാണ് വിഡ്ഢിയെ ദു:ഖത്തിലേക്ക് നയിക്കുന്നത്

237. സെക്രട്ടറി എന്ന വാക്കിനു തുല്യമായ മലയാളപദം:
(എ) അധ്യക്ഷൻ (ബി) ഖജാൻജി
(സി) പേഷ്കാർ (ഡി) കാര്യദർശി

238. വാക്യത്തിൽ പ്രയോഗിക്കുക–ഘടദീപം:
(എ) ഘടദീപം പോലെ വെളിച്ചം വിതറുന്നവരാണ് മഹാൻമാർ
(ബി) ഇരുട്ടിൽ തപ്പുന്നവർക്ക് ഘടദീപം വെളിച്ചം നൽകുന്നു
(സി) പ്രോൽസാഹനം ലഭിക്കാത്ത കലാകാരൻമാരുടെ പ്രതിഭ ഘടദീപം പോലെയാണ് നമുക്ക് അനുഭവപ്പെടുന്നത്
(ഡി) ഘടദീപത്തിന്റെ പ്രകാശത്തിൽ നഗരം വെട്ടിത്തിളങ്ങി

239. Carefully go over the document before you sign it എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഒപ്പുവെയ്ക്കുന്ന രേഖകൾ സുരക്ഷിതമായി സൂക്ഷിക്കുക
(ബി) ഒപ്പുവെയ്ക്കുന്നതിനുമുമ്പ് രേഖ ശ്രദ്ധാപൂർവം പരിശോധിക്കുക
(സി) ഒപ്പുവെയ്ക്കുന്ന രേഖകൾ ശ്രദ്ധയോടെ പരിശോധിക്കുക
(ഡി) ശ്രദ്ധയോടെ പരിശോധിച്ചിട്ടേ ഒപ്പുവെയ്ക്കാവൂ

240. 'My uniform experience has convinced me that there is no God than truth' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എന്റെ ഒരേപോലെയുള്ള അനുഭവങ്ങൾ എന്നെ ബോധ്യപ്പെടുത്തിയത് സത്യം അല്ലാതെ മറ്റൊരു ദൈവം ഇല്ലെന്നാണ്
(ബി) എന്റെ പല തരം അനുഭവങ്ങൾ എന്നെ പഠിപ്പിച്ചത് സത്യം ദൈവമാണ് എന്നാണ്.
(സി) സത്യമല്ലാതെ ദൈവം എന്നൊന്നില്ലെന്ന് അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു
(ഡി) ദൈവത്തെക്കാൾ വലുത് സത്യമാണെന്ന് അനുഭവത്തിൽനിന്നും ഞാൻ മനസ്സിലാക്കി

241. 'ഭൗതികം' എന്ന പദത്തിന്റെ വിപരീതം:
(എ) ആത്മീയം (ബി) അഭൗതികം
(സി) അഭൗതീകം (ഡി) സ്വർഗീയം

242. 'പതിരില്ലാതെ കതിരില്ല' എന്ന ശൈലിയുടെ അർത്ഥം:
(എ) ഗുണങ്ങൾക്കിടയിലെല്ലാം ദോഷമേയുള്ളൂ
(ബി) എവിടെയും ദോഷം വിളയുകയാണ്
(സി) ദോഷമില്ലാതെയും ഗുണമുണ്ട്
(ഡി) ഗുണങ്ങൾക്കിടയിൽ ദോഷവും കാണും

243. രണ്ടുവാക്കുകളുടെയും അർത്ഥം വ്യക്തമാകുന്ന തരത്തിൽ മലയാളത്തിലാക്കുക - Decease, Disease :
(എ) വഞ്ചന, അസ്വാസ്ഥ്യം (ബി) മരണം, രോഗം
(സി) വിരഹം, വിരക്തി (ഡി) ശാന്തി, അശാന്തി

244. താഴെപ്പറയുന്നവയിൽ ഭൂമിയുടെ പര്യായമല്ലാത്തത്:
(എ) ധര (ബി) ക്ഷോണിജ
(സി) ധരിത്രി (ഡി) പൃഥ്വി

245. സംഘടനം എന്ന വാക്കിന്റെ വിപരീതം:
(എ) സംയോജനം (ബി) ഘടനം
(സി) വിഘടനം (ഡി) സമ്മേളനം

246. 'Interim' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ആഭ്യന്തരം (ബി) ഇടക്കാലം
(സി) തർക്കം (ഡി) പകരം

247. 'സുഗ്രീവാജ്ഞ' എന്ന പ്രയോഗത്തിന്റെ അർത്ഥം:
(എ) മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളത്
(ബി) നടക്കാത്ത കാര്യം (സി) നേരമ്പോക്ക്
(ഡി) ഉഗ്രമായ കൽപന

248. 'Play with fire' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) തീക്കൊള്ളികൊണ്ട് രസിക്കുക
(ബി) തീകൊണ്ട് രസിക്കുക
(സി) തീയിലേക്ക് ചാടുക (ഡി) തീകൊണ്ട് കളിക്കുക

249. 'ഭീഷ്മപ്രതിജ്ഞ' എന്ന ശൈലിയുടെ അർത്ഥം:
(എ) ഭീഷ്മരുടെ പ്രതിജ്ഞ (ബി) വലിയ ശപഥം
(സി) പാലിക്കാത്ത പ്രതിജ്ഞ(ഡി) കഠിനമായ പ്രതിജ്ഞ

250. ശരിയായ രൂപം:
(എ) വൃച്ഛികം (ബി) വൃച്ഛിഗം
(സി) വൃശ്ചികം (ഡി) വൃശ്ചിഗം

251. 'The dispute among the countries are not solved' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) രാജ്യങ്ങൾക്കിടയിലുള്ള തർക്കം പരിഹരിച്ചില്ല
(ബി) രാജ്യങ്ങൾക്കിടയിലുള്ള പ്രതിസന്ധി പരിഹരിച്ചില്ല
(സി) രാജ്യങ്ങൾക്കിടയിലുള്ള അനിശ്ചിതത്വം പരിഹരിച്ചില്ല
(ഡി) രാജ്യങ്ങൾ തമ്മിലുള്ള സഹായം അവസാനിച്ചില്ല

252. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ രൂപം:
(എ) അവലാംപം (ബി) അവലംഭം
(സി) അവലംബം (ഡി) അവലമ്പം

253. സമവായം എന്ന വാക്കിനർത്ഥം:
(എ) വേണ്ട തരത്തിലുള്ളത്(ബി) വലിയ അപകടം
(സി) കൂട്ടം (ഡി) നല്ലത്

254. ഉത്കൃഷ്ടം എന്ന പദത്തിന്റെ വിപരീതം:
(എ) നികൃഷ്ഠം (ബി) അപകൃഷ്ടം
(സി) അപരാധം (ഡി) അപഖ്യാതി

255. തെറ്റായരൂപമേത്?
(എ) വാക്+വാദം=വാഗ്വാദം
(ബി) സമ്പത്+രംഗം=സമ്പദ്‌രംഗം
(സി) മഹത്+യത്നം=മഹദ്‌യത്നം
(ഡി) ത്വക്+രോഗം=ത്വക്‌രോഗം

256. 'Get out of my sight' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എന്റെ കാഴ്ച തിരിച്ചുകിട്ടി
(ബി) എന്റെ കൺമുന്നിലില്ല
(സി) എന്റെ കൺവെട്ടത്തുനിന്ന് പോകൂ
(ഡി) എന്റെ കണ്ണിനു കേടുപറ്റി

257. 'Her efforts finally bore the fruit' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവളുടെ അധ്വാനങ്ങൾ ഒടുവിൽ വെറുതെയായി
(ബി) അവളുടെ പ്രയത്നമെല്ലാം ഒടുവിൽ ചതഞ്ഞ ഫലം പോലെയായി
(സി) അവളുടെ പ്രയത്നങ്ങൾ ഒടുവിൽ സഫലമായി
(ഡി) അവളുടെ തന്ത്രങ്ങൾ ഒടുവിൽ തിരിച്ചടിച്ചു

258. 'മർക്കടമുഷ്ടി' എന്ന ശൈലിയുടെ അർഥം:
(എ) പിടിവാശി (ബി) കുരങ്ങനെപ്പോലെ
(സി) കുരങ്ങന്റെ കൈ (ഡി) ദേഷ്യം

259. മയിലിന്റെ പര്യായമല്ലാത്ത പദമേത്?
(എ) കേകി (ബി) ശിഖി
(സി) കീരം (ഡി) മയൂരം

260. 'Delay in the submission of the case is regretted' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഈ കേസ് സമർപ്പിക്കുവാൻ താമസിച്ചതിൽ പശ്ചാത്താപിക്കുന്നു
(ബി) ഈ കാര്യം സമർപ്പിക്കുവാൻ കാലതാമസം വന്നുപോയതിൽ ഖേദിക്കുന്നു
(സി) കാലതാമസം വന്നുപോയ കാര്യം ശ്രദ്ധിക്കുക
(ഡി) താമസിച്ച ഈ പ്രശ്നം ക്ഷമിക്കേണ്ടതാണ്

261. 'സൂതൻ' എന്ന പദത്തിന്റെ അർത്ഥം:
(എ) മകൻ (ബി) തേരാളി
(സി) രാജാവ് (ഡി) കുയിൽ

262. തെറ്റായ ജോടിയേത്?:
(എ) മകളുടെ മകൾ–ദൗഹിത്രി
(ബി) പുത്രന്റെ പുത്രൻ–പ്രപൗത്രൻ
(സി) അമ്മയുടെ അച്ഛൻ– മാതാമഹൻ
(ഡി) പുത്രൻ ഉള്ളവൾ– പുത്രവതി

263. ഭക്തിയും വിഭക്തിയും എന്ന കവിതാനാമത്തിൽ വിഭക്തിയുടെ അർത്ഥം:
(എ) പാണ്ഡിത്യം (ബി) വ്യാകരണം
(സി) സംഗീതം (ഡി) ദേഹശുദ്ധി

264. 'She soon picked up French' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവൾ ഫ്രഞ്ചുകാരിയാണ് (ബി) അവൾ പെട്ടെന്ന് ഫ്രഞ്ച് പഠിച്ചെടുത്തു
(സി) അവൾ ഉടൻ ഫ്രാൻസിലേക്ക് പോയി
(ഡി) അവൾക്ക് വേഗം കാര്യം ബോധ്യപ്പെട്ടു

265. തെറ്റായ രൂപമേത്?
(എ) തപസ്സ്+ചര്യ= തപശ്ചര്യ
(ബി) ശിരസ്സ്+ഛേദം= ശിരച്ഛേദം
(സി) മഹദ്+ചരമം= മഹച്ചരമം
(ഡി) മനസ്സ്+ശുദ്ധി=മനോശുദ്ധി

266. 'അക്ഷരം' എന്ന പദത്തിന്റെ അർത്ഥം:
(എ) ശബ്ദം (ബി) അറിവ്
(സി) നാശമില്ലാത്തത് (ഡി) പഠനം

267. 'We have state of art computer programmes' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) നമുക്ക് കലാപരമായ കമ്പ്യൂട്ടർ പ്രോഗ്രാമുകളുണ്ട്
(ബി) നമ്മുടെ സംസ്ഥാനത്ത് കലയും കമ്പ്യൂട്ടറും പ്രോഗ്രാമുകളാണ്
(സി) നമുക്ക് ഏറ്റവും ആധുനികമായ കമ്പ്യൂട്ടർ പ്രോഗ്രാമുകളുണ്ട്
(ഡി) നമ്മുടെ കമ്പ്യൂട്ടർ പ്രോഗ്രാമുകളുടെ സ്ഥിതി നല്ലതാണ്

268. വിദ്വേഷം: ശത്രുത:: ദ്വേഷം: ..........:
(എ) ശത്രുത (ബി) സ്നേഹം
(സി) ഭയം (ഡി) പരിഹാസം

269. 'He lost himself in translation' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അയാളുടെ തർജമ നഷ്ടപ്പെട്ടു
(ബി) അയാൾ തർജമയിൽ മുഴുകി
(സി) അയാൾക്ക് തർജമ ചെയ്യാൻ അറിയില്ല
(ഡി) അയാൾ തർജമ ചെയ്യാറില്ല

270. രാജാവ് എന്നർത്ഥമില്ലാത്ത പദം:
(എ) നൃപൻ (ബി) മന്നവൻ
(സി) ആത്മജൻ (ഡി) അരചൻ

271. 'A child means all the world to its mother' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ലോകത്തിലുള്ളവരെല്ലാം അമ്മയ്ക്ക് സ്വന്തം കുഞ്ഞുങ്ങളാണ്
(ബി) കുഞ്ഞുങ്ങൾക്ക് ലോകമാണ് മാതാവ്
(സി) കുഞ്ഞുങ്ങൾക്ക് മാതാവാണ് ലോകം
(ഡി) അമ്മയ്ക്ക് തന്റെ കുഞ്ഞ് എല്ലാറ്റിലും വിലപ്പെട്ടതാണ്

272. വല്മീകം എന്ന വാക്കിനർഥം:
(എ) മൗനം (ബി) പക്ഷി
(സി) ചിതൽപ്പുറ്റ് (ഡി) വനം

273. 'അണ്ണാറക്കണ്ണനും തന്നാലായത്' എന്ന ശൈലിയുടെ

അർഥം:
(എ) മൃഗങ്ങളെക്കൊണ്ട് ജോലി ചെയ്യിക്കുക
(ബി) ആരൊക്കൊണ്ടും പറ്റുന്ന കാര്യം
(സി) എളിയവനെങ്കിലും തന്നെക്കൊണ്ടാവും വിധം
(ഡി) പാവങ്ങളുടെ കഷ്ടപ്പാട്

274. തെറ്റായ പദമേത്?
(എ) രുക്മിണി (ബി) ചെലവ്
(സി) മഠയൻ (ഡി) അനുഷ്ഠാനം

275. 'കാള പെറ്റെന്ന് കേൾക്കുമ്പോൾ കയറെടുക്കുക' എന്ന ശൈലിയുടെ അർഥം:
(എ) അവനവന് ദോഷമുണ്ടാകുന്ന കാര്യം ചെയ്യുക
(ബി) അവസരത്തിനൊത്ത് പെരുമാറുക
(സി) ധിക്കാരപൂർവം പെരുമാറുക
(ഡി) വിവേകശൂന്യമായി പെരുമാറുക

276. ഒരു പ്രയോഗം തെറ്റാണ്. അതേത്?
(എ) അനുഗ്രഹം (ബി) അനുഗൃഹീതൻ
(സി) അനുഗ്രഹീതൻ (ഡി) അനുഗ്രഹിക്കുക

277. 'I don't get it. What do you mean?' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എനിക്കത് കിട്ടിയില്ല. എന്താ നീ കരുതിയത്
(ബി) എനിക്കാണ് കിട്ടാത്തത്. നീ അറിഞ്ഞോ
(സി) എനിക്കത് മനസ്സിലായില്ല. നീ എന്താ ഉദ്ദേശിച്ചത്
(ഡി) എനിക്കല്ല, നിനക്കല്ലേ കിട്ടിയത്

278. താഴെപ്പറയുന്നവയിൽ പൗനരുക്ത്യത്തിന് ഉദാഹരണമല്ലാത്തത്:
(എ) ധൂളിപ്പൊടി (ബി) നടുമധ്യം
(സി) അജഗജാന്തരം (ഡി) അർധപകുതി

279. 'Cheat me in the price but not in the goods' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വിലയിൽ എന്നെ വഞ്ചിച്ചാലും സാധനംതന്ന് വഞ്ചിക്കരുത്
(ബി) വിലയിലും സാധനത്തിലും എന്നെ വഞ്ചിക്കരുത്
(സി) വിലയുടെ കാര്യത്തിൽ എന്നെ നന്നായി വഞ്ചിച്ചോളൂ
(ഡി) വിലയുടെ കാര്യത്തിൽ എന്നെ വഞ്ചിച്ചോളൂ, പക്ഷേ സാധനത്തിന്റെ കാര്യത്തിൽ പാടില്ല

280. 'തിരുവുള്ളക്കേട്' എന്നാൽ:
(എ) വയറുവേദന (ബി) രാജകോപം
(സി) അന്തപ്പുര രഹസ്യം (ഡി) രാജ്ഞിയുടെ ഗർഭം

281. ചക്ഷുശ്രവണം എന്ന വാക്കിനർഥം:
(എ) മൂങ്ങ (ബി) പാമ്പ്
(സി) തവള (ഡി) എലി

282. തലമുടി എന്ന പദത്തിനു പര്യായമല്ലാത്തത്:
(എ) കബരി (ബി) ചികുരം
(സി) കൂന്തൽ (ഡി) രജ്ജു

283. 'To catch red handed' എന്നതിനു സമാനമായ മലയാള പരിഭാഷ:
(എ) ചുവന്ന കൈയിൽ പിടിക്കുക
(ബി) കൈയോടെ പിടികൂടുക
(സി) കൈ ചുവന്നിരിക്കുമ്പോൾ പിടിക്കുക
(ഡി) കൈ ചുവക്കുമ്പോൾ പിടിക്കണം

284. താഴെപ്പറയുന്നവയിൽ അലിംഗപദത്തിനുദാഹരണം:
(എ) നേതാവ് (ബി) ആൾ
(സി) ദാതാവ് (ഡി) കവി

285. 'അവസാനിപ്പിക്കുക' എന്ന അർത്ഥത്തിലുള്ള ശൈലി:
(എ) ഭരതവാക്യം ചൊല്ലുക (ബി) കച്ച കെട്ടുക
(സി) ഭാണ്ഡം മുറുക്കുക (ഡി) നക്ഷത്രമെണ്ണിക്കുക

286. സംസ്കൃതത്തിൽ നവതി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്:
(എ) 70 (ബി) 80 (സി) 90 (ഡി) 60

287. തെറ്റിച്ചെഴുതിയ വാക്കേത്?
(എ) പതിവ്രത (ബി) പരിവൃത്തനം
(സി) നിഘണ്ടു (ഡി) വിമ്മിട്ടം

288. കണിക്കൊന്ന എന്ന അർത്ഥമില്ലാത്ത പദം:
(എ) ആരഗ്വധം (ബി) കർണികാരം
(സി) സുവർണകം (ഡി) സൗപർണിക

289. 'Fools rush in where angels fear to tread' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) മാലാഖമാരെ ഭയന്ന് ചെകുത്താൻമാർ ഓടുന്നു
(ബി) മാലാഖമാരെ പുറന്തള്ളി ചെകുത്താൻമാർ എത്തുന്നു
(സി) മാലാഖമാർ ഭയക്കുന്നിടത്ത് ചെകുത്താൻമാർ ഇരച്ചുകയറുന്നു
(ഡി) മാലാഖമാരെ ഭയപ്പെടുത്തി ചെകുത്താൻമാർ ഓടിക്കയറുന്നു

290. 'മഞ്ഞ്' എന്ന വാക്കിന്റെ പര്യായ പദമല്ലാത്തത്:
(എ) ഹിമം (ബി) സീരം
(സി) നീഹാരം (ഡി) തുഷാരം

291. 'It is better to be carried of than to live as a defeated man' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) പരാജയപ്പെടുന്നതിനെക്കാൾ നല്ലത് മരിക്കുന്നതാണ് (ബി) കൊല്ലപ്പെടുന്നതിനെക്കാൾ നല്ലത് പരാജയപ്പെടുന്നതാണ്
(സി) പരാജിതനായി ജീവിക്കുന്നതിനെക്കാൾഭേദം കൊല്ലപ്പെടുന്നതാണ്
(ഡി) ജീവിതത്തിൽ പരാജയങ്ങൾ ഏറ്റുവാങ്ങുന്നതാണ് നല്ലത്

292. 'Disinvestment' എന്നതിന്റെ ശരിയായ പരിഭാഷ::
(എ) എല്ലാറ്റിലും താല്പര്യക്കുറവ്
(ബി) സമ്പാദ്യം വർധിപ്പിക്കൽ
(സി) മന്ത്രിസഭാ തീരുമാനങ്ങൾ
(ഡി) ഓഹരി വിറ്റഴിക്കൽ

293. 'പതുക്കെയാവുക' എന്നർത്ഥമുള്ള ശൈലി:
(എ) താളം മാറുക (ബി) താളം പിഴയ്ക്കുക
(സി) താളം മറിയുക (ഡി) താളത്തിലാവുക

294. 'കുഴിയിലേക്ക് കാലുനീട്ടുക' എന്ന ശൈലിയുടെ അർത്ഥം:
(എ) പ്രായമായി മരിക്കാറാകുക
(ബി) അപകടത്തിൽപ്പെടാൻ പോകുക
(സി) അപകടത്തിൽനിന്ന് രക്ഷപ്പെടുക
(ഡി) അപമാനിതനാകുക

295. കുടിക്കാനുള്ള ആഗ്രഹം എന്നർഥം വരുന്ന പദം:
(എ) പപീല (ബി) പ്രശാഖ
(സി) അപാക്ഷ (ഡി) പിപാസ

296. ശരിയായ രൂപമേത്?
(എ) പാഠകം (ബി) പാഢകം
(സി) പാഢഗം (ഡി) പാടഗം

297. 'മുഖത്തു കരിതേയ്ക്കുക' എന്ന പ്രയോഗത്തിന്റെ അർത്ഥം:
(എ) നാടകത്തിൽ അഭിനയിക്കുക
(ബി) പിണക്കം ഭാവിക്കുക
(സി) നാണക്കേടുണ്ടാക്കുക
(ഡി) ഇല്ലാത്ത ഭംഗി ഉണ്ടാക്കാൻ ശ്രമിക്കുക

298. 'They decided to put aside their dif ferences' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വ്യത്യസ്തവേഷങ്ങൾ ധരിക്കാൻ അവർ തീരുമാനിച്ചു
(ബി) വ്യത്യസ്ത രീതിയിൽ കാര്യങ്ങളവതരിപ്പിക്കാൻ അവർ തീരുമാനിച്ചു
(സി) അഭിപ്രായ വ്യത്യാസങ്ങൾ മറക്കാൻ അവർ തീരുമാനിച്ചു
(ഡി) അഭിപ്രായ വ്യത്യാസങ്ങളാൽ പിരിയാൻ അവർ തീരുമാനിച്ചു

299. തീവണ്ടി എന്ന സമസ്തപദത്തെ എങ്ങനെ വിഗ്രഹിക്കാം?
(എ) തീയുള്ള വണ്ടി (ബി) തീയാൽ ഓടുന്ന വണ്ടി
(സി) തീ കൊണ്ടുള്ള വണ്ടി
(ഡി) തീ കൊണ്ടുപോകുന്ന വണ്ടി

300. 'കുളിക്കാതെ ഈറൻ ചുമക്കുക' എന്ന ശൈലിയുടെ അർത്ഥം:
(എ) വിവേകശൂന്യമായി പെരുമാറുക
(ബി) ആത്മാർത്ഥയില്ലാതെ പണിയെടുക്കുക
(സി) കുറ്റംചെയ്യാതെ ആരോപണ വിധേയനാകുക
(ഡി) അവസരത്തിനൊത്ത് പെരുമാറുക

301. 'Gandhiji was elected the president of Congress in 1924' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) 1924ലെ കോൺഗ്രസ് പ്രസിഡന്റിനെ ഗാന്ധിജിയാണ് തിരഞ്ഞെടുത്തത്
(ബി) കോൺഗ്രസ് പ്രസിഡന്റ് 1924–ൽ ഗാന്ധിജിയെ തിരഞ്ഞെടുത്തു
(സി) ഗാന്ധിജിയാണ് 1924–ൽ കോൺഗ്രസ് പ്രസിഡന്റായത്
(ഡി) ഗാന്ധിജി 1924–ൽ കോൺഗ്രസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു.

302. മനുഷ്യനെ സൂചിപ്പിക്കുന്ന വാക്കേത്?
(എ) മനീഷി (ബി) മാനുഷൻ
(സി) മനസിജൻ (ഡി) മനീകം

303. ഔദ്യോഗികമായ കത്തിടപാടുകളിൽ 'Reference' എന്ന ഇംഗ്ലീഷ് പദത്തിന്റെ സ്ഥാനത്ത് ഉപയോഗിക്കുന്ന പദം:
(എ) വ്യക്തി (ബി) വിഷയം
(സി) പ്രശ്നം (ഡി) സൂചന

304. 'I have been having fever for the last two days' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എനിക്ക് കഴിഞ്ഞ രണ്ടു ദിവസമായി പനിയാണ്
(ബി) എനിക്ക് പനി തുടങ്ങിയാൽ രണ്ടുദിവസം നീണ്ടുനിൽക്കും
(സി) എനിക്ക് രണ്ടുദിവസം കൂടി പനി തുടരും
(ഡി) ഞാൻ പനിമൂലം രണ്ടുദിവസം കിടന്നു

305. 'Truth and Roses have thorns about them' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) സത്യവും റോസാപ്പൂവും ഒരുപോലെയാണ്
(ബി) സത്യത്തിനും പനിനീർപ്പൂവിനും മുള്ളുകളുണ്ട്
(സി) സത്യവും പനിനീർപ്പൂവുപോലെയാണ്
(ഡി) സത്യത്തിനും പനിനീർപ്പൂവിനും അതിന്റേതായ വ്യത്യാസങ്ങളുണ്ട്

306. 'വിശ്വസിക്കപ്പെടുന്നവൻ' എന്ന അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്ന പദം:
(എ) വിശ്വസ്ഥൻ (ബി) വിശ്വസ്ത്യൻ
(സി) വിശ്വസ്തൻ (ഡി) വിശ്വസ്യൻ

307. ശരിയായ വാക്യം തിരഞ്ഞെടുക്കുക:
(എ) ദയവായി ആശുപത്രി വരാന്തയിൽ കൂട്ടം കൂടി നിൽക്കരുത്
(ബി) ആശുപത്രി വരാന്തയിൽ കൂട്ടംകൂടി ദയവായി നിൽക്കരുത്
(സി) ആശുപത്രി വരാന്തയിൽ ദയവായി കൂട്ടംകൂടി നിൽക്കരുത്
(ഡി) ആശുപത്രി വരാന്തയിൽ കൂട്ടംകൂടി നിൽക്കരുത്

308. തെറ്റായ വാക്യമേത്?
(എ) അയാൾ മരിക്കാൻകാരണം പ്രായാധിക്യംകൊണ്ടാണ്
(ബി) അയാൾ മരിക്കാൻ കാരണം പ്രായാധിക്യമാണ്
(സി) പ്രായാധിക്യംകൊണ്ടാണ് അയാൾ മരിച്ചത്
(ഡി) പ്രായം കൂടിയാൽ ആരും മരിക്കും

309. ബ്രാക്കറ്റിന് മലയാളത്തിൽ പറയുന്ന പേര്:
(എ) കോഷ്ഠം (ബി) കാകു
(സി) ഭിത്തിക (ഡി) രോധിനി

310. 'The busiest man have the most leisure' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) തിരക്കുള്ളവന് വിശ്രമംവേണം
(ബി) തിരക്കുള്ളവന് വിശ്രമം വേണമെന്നില്ല
(സി) വിശ്രമംകൂടാതെ തിരക്കുള്ളവർ പ്രവർത്തിക്കുന്നു
(ഡി) ഏറ്റവും കൂടുതൽ തിരക്കുള്ളവനാണ് ഏറ്റവും കൂടുതൽ വിശ്രമം ലഭിക്കുന്നത്

311. 'ആണ്ട്' എന്നർഥം വരുന്ന പദം:
(എ) അബ്ദം (ബി) അബ്ദി
(സി) അബ്ധം (ഡി) അബ്ഥം

312. 'യാഥാസ്ഥിതികൻ' എന്ന വാക്കിന്റെ അർത്ഥം:
(എ) അയാഥാസ്ഥിതികൻ (ബി) ഉത്പതിഷ്ണു
(സി) അപ്രായോഗികൻ (ഡി) ഇതൊന്നുമല്ല

313. Sachin Tendulkar is one of the twinkling stars of the cricket world എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ക്രിക്കറ്റ്ലോകത്തിന്റെ തിളക്കം സച്ചിൻ ടെൻഡുൽക്കർ എന്ന താരത്തിലൂടെയാണ്
(ബി) ക്രിക്കറ്റ് ലോകത്തിലെ മിന്നിത്തിളങ്ങുന്ന താരങ്ങളിൽഒന്നാണ് സച്ചിൻ ടെൻഡുൽക്കർ
(സി) ക്രിക്കറ്റ് ലോകം മിന്നിത്തിളങ്ങുന്ന താരമാണ് സച്ചിൻ ടെൻഡുൽക്കർ
(ഡി) ക്രിക്കറ്റ് ലോകത്തിന്റെ തിളക്കമാണ് സച്ചിൻ ടെൻഡുൽക്കർ

314. 'സ്ഥൂലം' എന്നതിന്റെ വിപരീതം:
(എ) ഹ്രസ്വം (ബി) അസ്ഥൂലം
(സി) സൂക്ഷ്മം (ഡി) അധമം

315. ശരിയായ വാക്യമേത്?
(എ) നീ വരുകയും പണം കൊടുത്തയയ്ക്കുകയോ വേണം
(ബി) നീ വരുകയും പണം കൊടുത്തയ്ക്കുകയും വേണം
(സി) നീ വരുകയോ പണം കൊടുത്തയ്ക്കുകയോ വേണം
(ഡി) നീ വരുകയോ പണം കൊടുത്തയ്ക്കുകയും വേണം

316. 'I got a message from an alien friend' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വിദേശ സുഹൃത്ത് എനിക്കൊരു സന്ദേശം തന്നു
(ബി) എനിക്ക് വിദേശ സുഹൃത്തിൽനിന്ന് ഒരു സന്ദേശം ലഭിച്ചു
(സി) എനിക്ക് കിട്ടിയ സന്ദേശം വിദേശ സുഹൃത്തിന്റേതായിരുന്നു
(ഡി) വിദേശ സുഹൃത്തിന്റെ സന്ദേശമാണ് എനിക്ക് കിട്ടിയത്

317. 'I was one among the rank holders' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഞാൻ റാങ്ക് ജേതാക്കളിൽ ഒരാളാണ്
(ബി) ഞാൻ റാങ്ക് ജേതാക്കളുടെ ഒപ്പമുണ്ട്
(സി) ഞാൻ റാങ്ക് ജേതാക്കളിൽ ഒരാളായിരുന്നു
(ഡി) റാങ്ക് ജേതാക്കൾ എന്റെ കൂടെയുണ്ട്

318. ഏത് ചിഹ്നമാണ് രോധിനി?
(എ) : (ബി) ? (സി) ; (ഡി) =

319. താഴെപ്പറയുന്നവയിൽ തെറ്റായ അർത്ഥമുള്ള ജോടിയേത്?
(എ) അളി–വണ്ട് (ബി) രോദനം– കരച്ചിൽ
സി) സുതൻ–തേരാളി (ഡി) കൈവല്യം– മോക്ഷം

320. ശരിയായ പദമേത്?
(എ) അസ്വസ്ഥബാധിതം (ബി) അസ്വാസ്ഥ്യബാധിതം
(സി) ആസ്വാസ്ഥ്യബാധിതം (ഡി) അസ്വാസ്ഥബാധിതം

321. ശരിയായ വാക്കേത്?
(എ) അജാനുബാഹു (ബി) ആജാനബാഹു
(സി) അജാനബാഹു (ഡി) ആജാനുബാഹു

322. 'You must on no condition tell him what happened' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എന്താണ് സംഭവിച്ചതെന്ന് താങ്കൾ ഒരു കാരണവശാലും അയാളോട് പറയരുത്
(ബി) എന്തു സംഭവിച്ചുവെന്ന് താങ്കൾ ഒരുപാധിയുമില്ലാതെ അയാളെ ബോധ്യപ്പെടുത്തണം
(സി) എന്തു പറ്റിയെന്ന കാര്യം താങ്കൾ അയാളോട് പറയുമ്പോൾ വളരെ സൂക്ഷിക്കണം
(ഡി) ഏതവസരത്തിലാണ് അതു സംഭവിച്ചെന്നത് താങ്കൾ അയാളോട് പറയരുത്

323. 'കാടുകാട്ടുക' എന്ന ശൈലിയുടെ അർത്ഥം:
(എ) കാടിനെ കാട്ടിക്കൊടുക്കുക (ബി) കാടത്തരം കാട്ടുക
(സി) ഗോഷ്ടികൾ കാട്ടുക
(ഡി) അനുസരണയില്ലായ്മ കാട്ടുക

324. തെറ്റായ രൂപമേത്?
(എ) ഭഗവത്കഥ (ബി) സത്പ്രവൃത്തി
(സി) മഹദ്കർമ്മം (ഡി) ഭഗവത്ഗീത

325. 'കറവപ്പശു' എന്ന ശൈലിയുടെ അർത്ഥം:
(എ) കറവയുള്ള പശു (ബി) കറന്നുകൊണ്ടിരിക്കുന്ന പശു
(സി) ലാഭകരമായ വസ്തു (ഡി) ഇവയൊന്നുമല്ല

326. 'The leader was able to line up his party members' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) നേതാവിന് തന്റെ പാർട്ടി അംഗങ്ങളെ വരിവരിയായി നിർത്തുവാൻ കഴിഞ്ഞു
(ബി) തന്റെ പാർട്ടിയിലെ അംഗങ്ങളെ ഒറ്റക്കെട്ടായി നിർത്താൻ നേതാവിന് കഴിഞ്ഞു

(സി) തന്റെ പാർട്ടി അംഗങ്ങൾക്ക് ഉചിതമായ സ്ഥാനം നൽകാൻ നേതാവിന് കഴിഞ്ഞു
(ഡി) പാർട്ടി അംഗങ്ങളെ മുഴുവൻ നേതാവ് വഞ്ചിച്ചു
327. സുഹൃത്+ ലാഭം = .........
(എ) സുഹൃത്‌ലാഭം (ബി) സുഹൃല്ലാഭം
(സി) സുഹൃദ്‌ലാഭം (ഡി) സുഹൃത്തല്ലാഭം
328. ആയുസ്, വേദം എന്നീ രണ്ടു പദങ്ങൾ ചേരുമ്പോഴുണ്ടാകുന്നത്:
(എ) ആയൂർവേദം (ബി) ആയു:വേദം
(സി) ആയുഷ്‌വേദം (ഡി) ആയുർവേദം
329. 'Hunger knows no friend' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) വിശക്കുന്നവർക്ക് കൂട്ടുകാരില്ല
(ബി) കൂട്ടുകാർ വിശപ്പ് അറിയുന്നില്ല
(സി) വിശപ്പ് സുഹൃത്തിനെ അറിയുന്നില്ല
(ഡി) സുഹൃത്തുക്കൾക്ക് വിശപ്പ് ഉണ്ടാകുകയില്ല
330. ശരിയായ രൂപമേത്?
(എ) അനാച്ഛാദനം (ബി) അനാച്ചാദനം
(സി) അനാശ്ഛാദനം (ഡി) അനാച്ശാദനം
331. 'ചക്കിന് വച്ചത് കൊക്കിനു കൊണ്ടു' എന്ന ശൈലിയുടെ അർത്ഥം:
(എ) ചക്കിനെ പിടിക്കാൻ നോക്കിയപ്പോൾ കൊക്കിനെ കിട്ടി
(ബി) ചക്കിനെ പിടിക്കാൻ കഴിഞ്ഞില്ല
(സി) കാര്യം നടന്നില്ല
(ഡി) ഉദ്ദേശിച്ച കാര്യത്തിന് പകരം മറ്റൊന്ന് നടക്കുന്നു
332. താഴെപ്പറയുന്നവയിൽ ശരിയായ പദം:
(എ) അസ്ഥപ്രജ്ഞൻ (ബി) അസ്ഥപ്രജ്ഞ്ജൻ
(സി) അസ്ദപ്രജ്ഞൻ (ഡി) അസ്തപ്രജ്ഞൻ
333. 'അരിയെത്ര പയറഞ്ഞാഴി' എന്ന പഴഞ്ചൊല്ല് എന്തിനെക്കുറിക്കുന്നു?
(എ) അസംബന്ധം പറയുക
(ബി) ബന്ധം സൂചിപ്പിക്കുക
(സി) അരിയും പയറും എത്രയെന്നു പറയുക
(ഡി) ഇവയൊന്നുമല്ല
334. 'നിന്ദ' എന്ന വാക്കിന്റെ വിപരീതം:
(എ) നീചം (ബി) സ്തുതി
(സി) മന്ദം (ഡി) ഗരിമ
335. പാദം മുതൽ ശിരസ്സുവരെ:
(എ) ആചന്ദ്രതാരം (ബി) ആമൂലാഗ്രം
(സി) ആപാദചൂഡം (ഡി) സമൂലം
336. 'Apostrophe' എന്നതിനു മലയാളത്തിൽ പറയുന്ന പേര് :
(എ) കുറുവര (ബി) വിശ്ലേഷം
(സി) നെടുവര (ഡി) കാകു
337. കർമ്മണി പ്രയോഗത്തിന് ഉദാഹരണമല്ലാത്തത്:
(എ) കൊല്ലപ്പെടുക (ബി) വിൽക്കപ്പെടുക
(സി) അത്ഭുതപ്പെടുക (ഡി) കാണപ്പെടുക
338. സലിംഗബഹുവചനം അല്ലാത്തത്:
(എ) അമ്മമാർ (ബി) പുരുഷന്മാർ
(സി) പെണ്ണുങ്ങൾ (ഡി) അധ്യാപകർ
339. മാടമ്പി എന്നതിന്റെ സ്ത്രീലിംഗം:
(എ) കെട്ടിലമ്മ (ബി) കുഞ്ഞമ്മ
(സി) നങ്ങ (ഡി) തങ്കച്ചി
340. 'സിംഹാവലോകനം' എന്ന ശൈലി അർത്ഥമാക്കുന്നത്:
(എ) ചുരുക്കുക (ബി) പരിഭ്രമിക്കുക
(സി) ആകെക്കൂടിനോക്കുക
(ഡി) സഹായിയായി നിൽക്കുക
341. 'One day the king heard about him' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഒരു ദിവസം രാജാവ് അയാൾ പറയുന്നതു കേട്ടു
(ബി) ഒരു ദിവസം അയാൾ രാജാവ് പറയുന്നതുകേട്ടു
(സി) അയാൾ പറയുന്നത് രാജാവ് കേട്ടുകൊണ്ടിരുന്നു
(ഡി) ഒരു ദിവസം രാജാവ് അയാളെപ്പറ്റി കേട്ടു
342. 'ഉരുളയ്ക്കുപ്പേരി' എന്നതിന്റെ അർത്ഥം:
(എ) തക്ക മറുപടി (ബി) മറുപടി
(സി) തെറ്റായ മറുപടി (ഡി) ഇതൊന്നുമല്ല
343. 'Dash' എന്നതിനു മലയാളത്തിൽ പറയുന്ന പേര് :
(എ) കുറുവര (ബി) ഭിത്തിക
(സി) നെടുവര (ഡി) കാകു
344. കാണാൻ ആഗ്രഹിക്കുന്നവൻ:
(എ) ദിദൃക്ഷു (ബി) വിപാഠിഷു
(സി) പിപാസു (ഡി) ജിജ്ഞാസു
345. പങ്കജം എന്ന വാക്കിന്റെ അർത്ഥം:
(എ) അശോകം (ബി) താമര
(സി) ആമ്പൽ (ഡി) പിച്ചി
346. 'അമ്പലം വിഴുങ്ങുക' എന്ന ശൈലിയുടെ അർത്ഥം:
(എ) മുഴുവൻ കൊള്ളചെയ്യുക(ബി) അനാവശ്യ പ്രവൃത്തി (സി) നിയന്ത്രിക്കുക
(ഡി) അവസാനിപ്പിക്കുക
347. ശരിയായ രൂപമേത്?
(എ) നിച്ഛയം (ബി) ആച്ഛര്യം
(സി) നിച്ഛലം (ഡി) യാദൃച്ഛികം
348. 'അംബു' എന്ന പദത്തിനർത്ഥം:
(എ) ജലം (ബി) ആകാശം
(സി) താമര (ഡി) അഗ്നി
349. രണ്ടുകക്ഷിയിലും ചേരുന്നവൻ എന്നർത്ഥമുള്ള ശൈലി ഏത്?
(എ) ഇരട്ടത്താപ്പ് (ബി) ഇരുതലമൂലി
(സി) ഇരുമുടി (ഡി) ഇതൊന്നുമല്ല
350. പൂജക ബഹുവചനം അല്ലാത്തത്:
(എ) പണിക്കർ (ബി) തമ്പ്രാക്കൾ
(സി) ഗുരുക്കൾ (ഡി) അമ്മമാർ
351. നപുംസകലിംഗത്തിന് ഉദാഹരണം:
(എ) ചങ്ങാതി (ബി) കോഴി
(സി) കുട്ടി (ഡി) മരം
352. 'A bird's eye view' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) പക്ഷിയുടെ നോട്ടം (ബി) വിഹഗവീക്ഷണം
(സി) പക്ഷിയെ നോക്കുക (ഡി) ഇവയൊന്നുമല്ല
353. കുതിരയുടെ പര്യായം:
(എ) ശ്വാവ് (ബി) വേണി
(സി) തുരഗം (ഡി) ധാമം
354. 'കണ്ണിൽ മണ്ണിടുക' എന്ന ശൈലിയുടെ അർത്ഥം:
(എ) വഞ്ചിക്കുക (ബി) മണ്ണുവാരിയിടുക
(സി) കണ്ണുകാണാതിരിക്കുക (ഡി) ഇവയൊന്നുമല്ല
355. വളരെ പഴയത്– എന്നർത്ഥമുള്ളത്:
(എ) പ്രാക്തനം (ബി) നിരുക്തം
(സി) ചിരം (ഡി) ചിരകാലം
356. 'Hyphen' എന്നതിനു മലയാളത്തിൽ പറയുന്ന പേര് :
(എ) രോധിനി (ബി) ഭിത്തിക
(സി) കാകു (ഡി) കുറുവര
357. 'എള്ളു കീറുക' എന്ന ശൈലിയുടെ അർത്ഥം:
(എ) എള്ളിനെ കീറുക (ബി) കർശനമായി പെരുമാറുക
(സി) എള്ളു മുറിക്കുക (ഡി) ഇവയൊന്നുമല്ല
358. 'The staff speak as one man on this issue' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഇക്കാര്യത്തിൽ ജീവനക്കാർ ഒരാളോടുമാത്രമാണ് സംസാരിച്ചത്
(ബി) ഈ പ്രശ്നത്തിൽ ജീവനക്കാർക്ക് ഏകാഭിപ്രായ മാണ്
(സി) ഈ വിഷയത്തിൽ ജീവനക്കാരിൽ ഒരാളേ സംസാരിച്ചുള്ളൂ
(ഡി) ഈ കാര്യത്തിൽ ഒരാളുടെ അഭിപ്രായം ജീവനക്കാർ എല്ലാവരും സ്വീകരിച്ചു
359. ആസ്തികൻ എന്ന വാക്കിന്റെ വിപരീതം:
(എ) ദരിദ്രൻ (ബി) നാസ്തികൻ
(സി) മഠയൻ (ഡി) ഭീകരൻ
360. 'പാടീരം' എന്ന വാക്കിന്റെ അർത്ഥം:
(എ) കൊട്ടാരം (ബി) കുടിൽ
(സി) ആൽ (ഡി) ചന്ദനം
361. ഏതെല്ലാം അക്ഷരങ്ങളുടെ ചേരുവയാണ് 'ഔ'?
(എ) അ, ഇ (ബി) അ,ഉ (സി) അ,ഒ (ഡി) ഇ,ഒ
362. 'To fish in troubled water' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) ചീത്തവെള്ളത്തിലെ മീൻ
(ബി) കുഴപ്പമുള്ള വെള്ളത്തിലെ മീൻ
(സി) കലക്കവെള്ളത്തിൽ മീൻപിടിക്കുക
(ഡി) കലങ്ങിയ വെള്ളത്തിലെ മീൻപിടിത്തം
363. 'കേരളീയർ' എന്ന പദം ഏത് വിഭാഗത്തിൽപ്പെടും?
(എ) അലിംഗം (ബി) പുല്ലിംഗം
(സി) നപുംസകലിംഗം (ഡി) മൂന്നുവിഭാഗത്തിലുംപെടും
364. 'Gordian Knot' എന്നതിനു സമാനമായത്:
(എ) പൊല്ലാപ്പ് (ബി) വീട്ടാക്കടം
(സി) വിഫലശ്രമം (ഡി) ഊരാക്കുടുക്ക്
365. ശരിയായ പ്രയോഗം ഏത്?
(എ) യഥേഷ്ടംപോലെ (ബി) സാമുദായികപരം
(സി) രാഷ്ട്രീയപരം (ഡി) കുടിശ്ശിക
366. സാമാന്യലിംഗത്തിന് ഉദാഹരണം:
(എ) അച്ഛൻ (ബി) മിടുക്കൻ
(സി) പൂവൻകോഴി (ഡി) ഗുരു
367. 'ഇല്ലത്തെ പൂച്ച' എന്ന ശൈലിയുടെ അർത്ഥം:
(എ) എവിടെയും പ്രവേശനമുള്ള ആൾ
(ബി) അവസരവാദി
(സി) നിഷ്ഫല വസ്തു (ഡി) നിരന്തര ശല്യം
368. സാമാന്യലിംഗ ബഹുവചനം അല്ലാത്തത്:
(എ) അധ്യാപകർ (ബി) ആസ്വാദകർ
(സി) തൊഴിലാളികൾ (ഡി) പുരുഷന്മാർ
369. 'A cracked bell never sounds well' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) തകർന്ന മണി ശബ്ദിക്കുന്നില്ല
(ബി) തകരാറായ മണിയിൽ ധ്വനിയില്ല
(സി) സ്വരമിയലില്ല തകർന്ന മണിയിൽ
(ഡി) തകർന്ന മണി ചലിക്കില്ല
370. 'Sitting on the fence' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) വേലിയിൽ ഇരിക്കുക (ബി) മതിലിൽ ഇരിക്കുക
(സി) മതിലിൽ ചാരുക (ഡി) കയ്യാലപ്പുറത്തിരിക്കുക
371. മിഥ്യ എന്ന പദത്തിന്റെ വിപരീതമേത്?
(എ) അമിഥ്യ (ബി) സത്യം
(സി) അസത്യം (ഡി) തഥ്യ
372. 'ക്ഷണികം' എന്ന പദത്തിന്റെ വിപരീതം :
(എ) ശാശ്വതം (ബി) ലാഘവം
(സി) സഹിതം (ഡി) നിരാശ
373. ശരിയായ രൂപമേത്?
(എ) ഉദാത്തവത്കരിക്കുക (ബി) ശുദ്ധവത്കരിക്കുക
(സി) ലളിതവത്കരിക്കുക (ഡി) ശീതീകരിക്കുക
374. 'ബാഹു' എന്ന വാക്കിന്റെ അർത്ഥം:
(എ) അസുരൻ (ബി) രാക്ഷസൻ
(സി) ശിരസ്സ് (ഡി) കൈ
375. 'ജനങ്ങൾ തിങ്ങിനിറഞ്ഞത്' എന്നർത്ഥമുള്ളത്:
(എ) ജനകീയം (ബി) ജനാധിപത്യം
(സി) ജനനിബിഡം (ഡി) ഇതൊന്നുമല്ല
376. I have few friends എന്നതിന്റെ ശരിയായ പരിഭാഷ:
(എ) എനിക്ക് കൂട്ടുകാർ ആരുംതന്നെയില്ല
(ബി) എനിക്ക് വളരെ കുറച്ച് കൂട്ടുകാരേയുള്ളൂ
(സി) എനിക്ക് കുറച്ചു കൂട്ടുകാർ മാത്രമേയുള്ളൂ
(ഡി) എനിക്ക് എല്ലാവരും കൂട്ടുകാരാണ്
377. ഏത് ഭാഗത്താണ് തെറ്റെന്ന് കണ്ടെത്തുക:
(എ) ആധുനിക കവിത്രയങ്ങളുടെ കാലം
(ബി) മലയാള കവിതയുടെ
(സി) സുവർണ ദശയായിരുന്നു (ഡി) തെറ്റൊന്നുമില്ല
378. അനുചിതം എന്ന പദത്തിന്റെ അർത്ഥം:
(എ) യോഗ്യമല്ലാത്തത് (ബി) നല്ലത്
(സി) ഏറ്റവും ചേരുന്നത് (ഡി) അനവസരത്തിലുള്ളത്
379. തെറ്റായ രൂപമേത്?
(എ) സന്ന്യാസം (ബി) സംന്യാസം
(സി) നീരാജനം (ഡി) നീരാഞ്ജനം
380. 'Money is the root of all evils' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) സകല ദോഷത്തിന്റെയും ഹേതു ധനമായിരിക്കും
(ബി) ധനം ദോഷത്തിലേക്ക് നയിക്കും
(സി) ധനമില്ലെങ്കിൽ ദോഷവുമില്ല
(ഡി) സകലദോഷത്തിന്റെയും ഉറവിടം ധനമാണ്
381. We eat in order that we may live' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഭക്ഷിക്കുന്നതിനുവേണ്ടിയാണ് നാം ജീവിക്കുന്നത്
(ബി) ജീവിക്കാൻ വേണ്ടിയാണ് നാം ഭക്ഷണം കഴിക്കുന്നത്
(സി) ഭക്ഷിക്കുന്നതിനനുസരിച്ചാണ് നാം ജീവിക്കുന്നത്
(ഡി) ഭക്ഷണക്രമമനുസരിച്ചാണ് നാം ജീവിക്കുന്നത്
382. താഴെപ്പറയുന്നവയിൽ 'വലം വെയ്ക്കുക' എന്നർത്ഥമുള്ള വാക്ക്:
(എ) പ്രദക്ഷിണം (ബി) പ്രതിക്ഷിണം
(സി) പ്രതക്ഷിണം (ഡി) പ്രദിക്ഷിണം
383. തെറ്റായ വാക്കേത്?
(എ) വ്യഞ്ജനം (ബി) സുഗന്ധം
(സി) പ്രഭു (ഡി) കൃതഘ്നത
384. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'The best is yet to come':
(എ) സംഭവിച്ചതെല്ലാം നല്ലതിന്
(ബി) നല്ലത് മാത്രം സംഭവിക്കും
(സി) ഏറ്റവും നല്ലത് സംഭവിക്കാനിരിക്കുന്നതേയുള്ളൂ
(ഡി) സംഭവിക്കാനുള്ളതെല്ലാം നല്ലതിന്
385. ശരിയായ രൂപമേത്?
(എ) കൃഷിരീതികളെ ആധുനികവൽക്കരിക്കേണ്ടതാണ്
(ബി) കൃഷിരീതികൾ ആധുനികീവൽക്കരിക്കേണ്ടതാണ്
(സി) കൃഷിരീതികൾ ആധുനികമത്ക്കരിക്കേണ്ടതാണ്
(ഡി) കൃഷിരീതികളെ ആധുനികീകരിക്കേണ്ടതാണ്
386. ശരിയായ വാക്യം തിരഞ്ഞെടുക്കുക:
(എ) കഥ പറയുന്നതും കഥ എഴുതുന്നതും തമ്മിൽ വലിയ അന്തരവും വ്യത്യാസവും ഉണ്ട്
(ബി) ഹിമാലയത്തിലെന്നപോലെ ആൽപ്സിനും ബാധകമാണ് ഈ കാര്യം
(സി) ആദ്യം ചോദ്യം പിന്നീട് ഉത്തരം എന്നതാണല്ലോ ക്രമം
(ഡി) സെക്രട്ടറിയെ ഞങ്ങൾ ഐകകണ്ഠേനയാണ് തിരഞ്ഞെടുക്കുന്നത്
387. 'Suresh, today you must join with us for lunch' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) സുരേഷ് ഇന്ന് ഉച്ചയൂണിന് ഞങ്ങളോടൊപ്പം കൂടും (ബി) സുരേഷ്, ഇന്ന് ഉച്ചയൂണ് ഞങ്ങളോടൊപ്പം നീ കഴിക്കണം
(സി) സുരേഷും, നിങ്ങളും ഇന്ന് ഞങ്ങളോടൊപ്പം ഉച്ചയൂണു കഴിക്കണം
(ഡി) ഇന്ന് സുരേഷ് ഞങ്ങളോടൊപ്പം ഉച്ചയൂണിനുണ്ടാകും
388. തെറ്റായ വാക്യമേത്?
(എ) ഈ ലേഖനത്തിൽ ഞങ്ങളുടെ പ്രദേശത്ത് കാണുന്ന ഓരോ പക്ഷികളെപ്പറ്റിയും പറയുന്നുണ്ട്
(ബി) നിയമസഭയിൽ ഞങ്ങളുടെ മണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നത് അദ്ദേഹമാണ്
(സി) അവർ മന്ത്രിയെ നേരിൽക്കാണുകയും കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു
(ഡി) തക്കതായ കാരണങ്ങൾ ഉണ്ടെങ്കിലേ പരാതി കൊടുക്കേണ്ടതുള്ളൂ.
389. ശുദ്ധമായ പ്രയോഗം ഏത്?
(എ) പുനർസൃഷ്ടി (ബി) പുനസ്രഷ്ടി
(സി) പുനസൃഷ്ടി (ഡി) പുന:സൃഷ്ടി
390. 'Stars are seen in the sky' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ആകാശത്ത് നക്ഷത്രങ്ങളെ കാണാം
(ബി) ആകാശത്ത് നക്ഷത്രങ്ങളെ കാണാം
(സി) ആകാശത്ത് നക്ഷത്രങ്ങൾ കാണപ്പെടുന്നു
(ഡി) ഇവയൊന്നുമല്ല
391. ശരിയായ രൂപമേത്?
(എ) ആയുർവേദം (ബി) അഷ്ടവൈദ്യൻ
(സി) സായൂജ്യമാർഗം (ഡി) എല്ലാം ശരിയാണ്

392. 'ഉത്തരക്കടലാസ് വീണ്ടും പുനഃപരിശോധിക്കാനാവശ്യപ്പെട്ടു' എന്നതിൽ ഒഴിവാക്കേണ്ട വാക്കേത്?
(എ) ആവശ്യപ്പെട്ടു (ബി) പരിശോധിക്കാൻ
(സി) ഉത്തരക്കടലാസ് (ഡി) വീണ്ടും
393. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദമേത്?
(എ) വാക്ദാനം ചെയ്തു (ബി) വാക്ദത്തം ചെയ്തു
(സി) വാഗ്ദാനം ചെയ്തു (ഡി) വാഗ്ദത്തം ചെയ്തു
394. ശരിയായ വാക്യം തിരഞ്ഞെടുക്കുക:
(എ) ലോകം മുഴുവൻ ഗാന്ധിജിയെ സത്യവാദി എന്നറിയപ്പെടുന്നു
(ബി) കാളിദാസനെ അറിയപ്പെടുന്നത് ഇന്ത്യൻ ഷേക്സ്പിയർ എന്നാണ്
(സി) മലയാളത്തിലെ ഏറ്റവും വലിയ സാഹിത്യകാരൻ എന്നറിയപ്പെടുന്നത് കുഞ്ചൻ നമ്പ്യാരെയാണ്
(ഡി) മലയാളത്തിലെ മാതൃത്വത്തിന്റെ കവയിത്രി എന്നറിയപ്പെടുന്നത് ബാലാമണിയമ്മയാണ്.
395. ശരിയായ പദം തിരഞ്ഞെടുക്കുക:
(എ) വിദ്ധ്യാർഥി (ബി) വിദ്യാർത്തി
(സി) വിദ്യാർത്ഥി (ഡി) വിദ്യാർദ്ധി
396. 'ഓട്ടപ്രദക്ഷിണം നടത്തി' എന്ന ശൈലികൊണ്ട് അർഥമാക്കുന്നത്:
(എ) വേഗത്തിൽ ചുറ്റിനടന്നു
(ബി) ഓടി പ്രദക്ഷിണം നടത്തി
(സി) തിടുക്കത്തിൽ കൃത്യം നിർവഹിച്ചു
(ഡി) കൃത്യനിർവഹണത്തിന് ഓട്ടം വേണ്ടിവന്നു
397. 'A hard nut to crack' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) പൊതിയാത്തേങ്ങ (ബി) കട്ടിത്തോടുള്ള തേങ്ങ
(സി) പൊട്ടാത്തോടുള്ള കായ് (ഡി) ഇതൊന്നുമല്ല
398. 'A loaded wagon makes no noise' എന്നതിനു സമാനമായ മലയാള പ്രയോഗം:
(എ) നിറകുടം തുളുമ്പില്ല
(ബി) അൽപജ്ഞാനം അപകടകരം
(സി) ചത്ത കുഞ്ഞിന്റെ ജാതകം നോക്കണ്ട
(ഡി) ഇവയൊന്നുമല്ല
399. 'Technologies of Self' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) സാങ്കേതിക വ്യക്തിത്വം (ബി) സ്വത്വസങ്കേതങ്ങൾ
(സി) വ്യക്തിത്വങ്ങളുടെ സങ്കേതങ്ങൾ
(ഡി) സാങ്കേതികമായ സ്വത്വം
400. 'രദം' എന്ന വാക്കിന്റെ അർഥം:
(എ) സൈന്യം (ബി) രാജാവ് (സി) ആന (ഡി) പല്ല്
401. താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ രൂപം:
(എ) ഹാർദം (ബി) ഹാർധം
(സി) ഹാർദ്ദവം (ഡി) ഹാർദവം
402. 'Quotation mark'- എന്നതിന്റെ ശരിയായ പരിഭാഷ:
(എ) കോഷ്ഠം (ബി) വിക്ഷേപണി
(സി) ഉദ്ധരണി (ഡി) രോധിനി
403. ശരിയായ വാക്യം ഏത്?
(എ) ബസ്സിനുള്ളിൽ പുകവലിക്കുകയും കൈയോ തലയോ പുറത്തിടുകയോ ചെയ്യരുത്
(ബി) ഇവിടെ കുട്ടികൾക്കാവശ്യമായ എല്ലാ സാധനങ്ങളും വിൽക്കപ്പെടുന്നു
(സി) വേറെ ഗത്യന്തരമില്ലാതെ അയാൾ രാജിവച്ചു
(ഡി) എല്ലാ ഒന്നാം തീയതിയും അമ്പലത്തിൽ പ്രത്യേക പൂജയുണ്ട്
404. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'Each man's belief is right in his own eyes':
(എ) ഒരു മനുഷ്യന്റെ വിശ്വാസവും അവൻ കാണുന്നതും ശരിയാണ്
(ബി) ഓരോ മനുഷ്യനും കാണുന്നതും വിശ്വസിക്കുന്നതും സത്യമാണ്
(സി) ഒരു മനുഷ്യൻ കാണുന്നത് തന്നെ ശരിയാണെന്നു വിശ്വസിക്കുന്നു
(ഡി) ഓരോ മനുഷ്യന്റെയും വിശ്വാസം അവന്റെ ദൃഷ്ടിയിൽ ശരിയാണ്
405. 'Culprit' എന്ന വാക്കിന്റെ അർഥം:
(എ) മാപ്പുസാക്ഷി (ബി) കുറ്റവാളി
(സി) തടസ്സം (ഡി) ഗർത്തം
406. ശുദ്ധമായ രൂപമേത്?
(എ) ഇതികർത്തവ്യ മൂഢൻ
(ബി) ഇതികർത്തവ്യതാമൂഢൻ
(സി) ഇതികർത്തവ്യവിമൂഢൻ
(ഡി) ഇതികർത്തവ്യമൂഢൻ
407.മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക -'Without an ideal, a man's life has no purpose other than eating and sleeping'.
(എ)ആശയത്തെക്കാൾ പ്രധാനമല്ല ഉറക്കവും ഭക്ഷണവും
(ബി) ഒരു ആദർശം കൂടാതെ മനുഷ്യജീവിതത്തിന് ഭക്ഷണം കഴിക്കലിനും ഉറങ്ങുന്നതിനുമപ്പുറം മറ്റൊരു അർത്ഥമില്ല
(സി) ആദർശം കൂടാതെ മനുഷ്യന് ഭക്ഷണത്തിനോ ഉറക്കത്തിനോ കഴിയുകയില്ല.
(ഡി) ആദർശമാണ് ഉറക്കം, ഭക്ഷണം എന്നിവയെക്കാൾ അർത്ഥപൂർണം
408. താഴെപ്പറയുവയിൽ വ്യഞ്ജന ചിഹ്നമേത്?
(എ) ാ (ബി) ീ (സി) െ (ഡി) ൃ
409. 'World is under the fear of nuclear weapon' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ലോകം ആണവായുധ ഭീഷണിയിൽ ഞെരുങ്ങുന്നു
(ബി) ലോകം ആണവായുധത്തിന്റെ ഭീതിയിലാണ്
(സി) ലോകം ആണവായുധത്തിന്റെ പിടിയിലമരുന്നു
(ഡി) ലോകം ആണവായുധത്തെ നോക്കി വിറകൊള്ളുന്നു
410. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'Poetry is the rhythemic creation of beauty':
(എ) കാവ്യം സൗന്ദര്യത്തിന് താളം സൃഷ്ടിക്കുന്നു
(ബി) സൗന്ദര്യമാകുന്ന താളത്തിന്റെ സൃഷ്ടിയാകുന്നു കാവ്യം
(സി) സൗന്ദര്യത്തിന്റെ താളാത്മക സൃഷ്ടിയാകുന്നു കാവ്യം
(ഡി) കാവ്യം സൗന്ദര്യ സൃഷ്ടിയുള്ള താളമാകുന്നു
411. താഴെക്കൊടുത്തിരിക്കുന്നവയിൽ നാവ് എന്നർഥമില്ലാത്ത പദം:
(എ) ജിഹ്വ (ബി) രസന
(സി) വാചി (ഡി) രസജ്ഞ
412. 'You had better consult a doctor' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഡോക്ടറെ കാണുന്നതാണ് കൂടുതൽ അഭികാമ്യം
(ബി) ഡോക്ടറെ കാണുന്നത് ഗുണപ്രദമാണ്
(സി) ഡോക്ടറെ കണ്ടാൽ സ്ഥിതിമാറും
(ഡി) ഡോക്ടറെ കണ്ടാൽ അസുഖം ഭേദമാകും
413. ശരിയായ രൂപമേത്?
(എ) പാദസ്വരം (ബി) പാദസ്സരം
(സി) പാദസ്സ്വരം (ഡി) പാദസരം
414. 'Language must express the thought which intended to be conveyed' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) ഭാഷ ചിന്തകളെ പ്രകാശിപ്പിക്കണം
(ബി) അറിയാനുദ്ദേശിക്കുന്ന ചിന്തകളെ ഭാഷ പ്രകാശിപ്പിക്കുന്നു
(സി) ഭാഷ പകരാനുള്ള ആശയങ്ങളെ പ്രകാശിപ്പിക്കുന്നു (ഡി) ഭാഷ, വിനിമയം ചെയ്യാനുള്ള ചിന്തകളെ പ്രകാശിപ്പിക്കുന്നതായിരിക്കണം
415. അഞ്ജലി ശബ്ദത്തിന്റെ അർത്ഥം:
(എ) കൈത്തലം (ബി) തൊഴുകൈ
(സി) കൈയൊപ്പ് (ഡി) കൈവള
416. 'താങ്കളുടെ അപേക്ഷ നിരസിക്കുന്നു' എന്നതിനു സമാനമായ ഇംഗ്ളീഷ് വാക്യം:
(എ) Your application is accepted
(ബി)Your application is rejected
(സി) Your application is relieved
(ഡി) Your application is expected
417. ശരിയായ പദമേത്?
(എ) ദ്വന്ദയുദ്ധം (ബി) അതൃത്തി
(സി) അല്ലങ്കിൽ (ഡി) അർത്തം
418. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'Sanskrit has enriched many Indian languages':
(എ) പല ഭാരതീയ ഭാഷകളെയും സംസ്കൃതം പരിപോഷിപ്പിച്ചിട്ടുണ്ട്
(ബി) പല ഭാരതീയ ഭാഷകളിലും സംസ്കൃതം കലർന്നിട്ടുണ്ട്
(സി) സംസ്കൃതം ഭാരതീയ ഭാഷകളിലെല്ലാം കലർന്നിരിക്കുന്നു
(ഡി) ഭാരതീയ ഭാഷ സംസ്കൃതഭാഷയിൽ കലർന്നിരിക്കുന്നു
419. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക– 'The Don flows home to the sea':
(എ) ഡോൺ ശാന്തമായൊഴുകുന്നു
(ബി) ഡോൺ സമുദ്രത്തിലേക്കൊഴുകുന്നു
(സി) ഡോൺ സമുദ്രത്തിലേക്ക് തന്നെ ഒഴുകുന്നു
(ഡി) ഡോൺ സമുദ്രഗൃഹത്തിലേക്കൊഴുകുന്നു
420. 'ശ്ലോകത്തിൽ കഴിക്കുക' എന്ന ശൈലിയുടെ അർത്ഥം:
(എ) ശ്ലോകം ചൊല്ലുക (ബി) പതുക്കെ പറയുക
(സി) ഏറെച്ചുരുക്കുക (ഡി) പരത്തിപ്പറയുക
421. സമാനമായ പഴഞ്ചൊല്ല് എഴുതുക– 'Slow and steady wins the race':
(എ) നാടോടുമ്പോൾ നടുകേ ഓടണം
(ബി) പയ്യെത്തിന്നാൽ പനയും തിന്നാം
(സി) അഴകുള്ള ചക്കയിൽ ചുളയില്ല
(ഡി) മെല്ലെ ഓടിയാൽ വേഗം ജയിക്കാം
422. 'പ്രമാദം' എന്ന വാക്കിനർത്ഥം:
(എ) വിവാദം (ബി) ശരി
(സി) സന്തോഷം (ഡി) തെറ്റ്
423. ശരിയായ രൂപമേത്?
(എ) ഐകൃകണ്ഠേന (ബി) കവിത്രയങ്ങൾ
(സി) അസ്തമനം (ഡി) ഇത:പര്യന്തം
424. പുലിവാൽ, നൂലാമാല, മർക്കടമുഷ്ടി, കുണ്ടാമണ്ടി എന്നീ ശൈലികളിൽ കുഴപ്പം എന്ന അർത്ഥമില്ലാത്തത് ഏതിനാണ്?
(എ) പുലിവാൽ (ബി) നൂലാമാല
(സി) മർക്കടമുഷ്ടി (ഡി) കുണ്ടാമണ്ടി
425. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'Life is not a bed of roses alone':
(എ) ജീവിതം മലർമെത്തയല്ല
(ബി) ജീവിതത്തിന് മലർമെത്തയില്ല
(സി) ജീവിതത്തിന്റെ മെത്തയിൽ റോസ്മലർ ഇല്ല
(ഡി) ജീവിതം മലർമെത്ത മാത്രമല്ല
426. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'The minister called on the martyr's family':
(എ) മന്ത്രി രക്തസാക്ഷിയുടെ കുടുംബത്തെ വിളിച്ചു
(ബി) മന്ത്രി രക്തസാക്ഷിയുടെ കുടുംബത്തെ ആശ്വസിപ്പിച്ചു
(സി) മന്ത്രി രക്തസാക്ഷിയുടെ കുടുംബത്തെ സന്ദർശിച്ചു
(ഡി) മന്ത്രി രക്തസാക്ഷിയുടെ കുടുംബത്തെ സംരക്ഷിച്ചു
427. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'The patient came round after getting an injection':
(എ) കുത്തിവയ്പ് നടത്തിയപ്പോൾ രോഗിയുടെ ബോധം നശിച്ചു
(ബി) കുത്തിവയ്പ് ലഭിച്ചപ്പോൾ രോഗിക്ക് ബോധം തിരിച്ചുകിട്ടി
(സി) കുത്തിവയ്പ് നടത്തിയപ്പോൾ രോഗി പരിഭ്രമം കാണിച്ചു
(ഡി) കുത്തിവയ്പ് ലഭിച്ചപ്പോൾ രോഗി കറങ്ങിവീണു
428. 'Redress' എന്നതിന്റെ അർത്ഥം:
(എ) പശ്ചാത്താപം (ബി) പരിഹരിക്കുക
(സി) നിർദയം (ഡി) പരാതി
429. ശരിയായ വാക്യമേത്?
(എ) ഇവിടെ എല്ലാ സാധനങ്ങളും വിൽക്കപ്പെടും
(ബി) ഇവിടെ അരി ആട്ടിക്കൊടുക്കപ്പെടും
(സി) ഞാൻ നിന്നെക്കൊണ്ട് സമാധാനം പറയിക്കും
(ഡി) എല്ലാ ഓരോ വാക്യങ്ങളും ശ്രദ്ധാപൂർവം വായിക്കണം
430. 'A bird in hand is worth two in the bush' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) കാട്ടിലുള്ള രണ്ട് കിളികൾ സമീപത്തുള്ള ഒരു കിളിയെക്കാൾ നല്ലതാണ്
(ബി) കാട്ടിലുള്ള രണ്ട് കിളികളെക്കാൾ ഗുണകരം കൈയിലുള്ള ഒരു കിളിയാണ്
(സി) കാട്ടിൽ രണ്ടു കിളിയും കൈയിൽ ഒരു കിളിയുമുണ്ട്
(ഡി) കാട്ടിൽ രണ്ടു കിളികളുള്ളപ്പോൾ കൈയിൽവന്നത് ഒരു കിളി മാത്രം
431. ശരിയായ രൂപമേത്?
(എ) അദ്യക്ഷൻ (ബി) അത്യക്ഷൻ
(സി) അദ്ധ്യഷ്ഷൻ (ഡി) അധ്യക്ഷൻ
432. ആകാശം എന്നതിന്റെ പര്യായം:
(എ) ശൈലം (ബി) അവനി
(സി) അനിശം (ഡി) ഗഗനം
433. ശരിയായ വാചകം തിരഞ്ഞെടുക്കുക:
(എ) എല്ലാ വെള്ളിയാഴ്ചതോറും പ്രാർഥന പതിവായുണ്ട്
(ബി) എല്ലാ വെള്ളിയാഴ്ചയും പ്രാർഥനയുണ്ട്
(സി) എല്ലാ വെള്ളിയാഴ്ചയും പതിവായി പ്രാർഥനയുണ്ട്
(ഡി) വെള്ളിയാഴ്ചതോറും പ്രാർഥിക്കുന്ന പതിവുണ്ട്
434. 'We are competent to grant permission' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അനുവാദം നൽകാൻ നമുക്ക് എതിർപ്പുണ്ട്
(ബി) അനുമതി നൽകാൻ നമുക്ക് അധികാരമുണ്ട്
(സി) അനുമതി നൽകാൻ നമ്മൾ മത്സരിക്കുന്നു
(ഡി) അനുവാദം കിട്ടാൻ നമുക്ക് പ്രാർഥിക്കാം
435. 'Hyphen' എന്നതിന് മലയാളത്തിൽ പറയുന്ന പേര്:
(എ) ശൃംഖല (ബി) കാകു (സി) കോഷ്ഠം (ഡി) ഭിത്തിക
436. ശരിയായ രൂപമേത്?
(എ) അർദ്ധാന്തരന്യാസം (ബി) വ്യതൃസ്ഥം
(സി) അഭ്യസ്ഥം (ഡി) അസന്നിഗ്ദ്ധം
437. 'Dispute' എന്നതിന്റെ അർത്ഥം:
(എ) ദ്വയാർത്ഥം (ബി) വ്യത്യാസം
(സി) വഴക്കുകൾ (ഡി) തർക്കം
438. മലയാളത്തിലേക്ക് വിവർത്തനം ചെയ്യുക–'The boy was so sad that words failed him':
(എ) വാക്കുകൾ കിട്ടാത്തതുകൊണ്ട് കുട്ടി ദു:ഖിച്ചു
(ബി) തോറ്റുപോയതുകൊണ്ട് കുട്ടി അതീവ ദു:ഖിതനായി
(സി) അതീവ ദു:ഖിതനായതുകൊണ്ട് കുട്ടിക്ക് തന്റെ വികാരം വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ കഴിഞ്ഞില്ല
(ഡി) ദു:ഖിതനായ കുട്ടി വാക്കുകൾ കിട്ടാതെ തോറ്റുപോയി
439. ശരിയായ വാക്യമേത്?
(എ) ഓരോ വാക്യവും ശ്രദ്ധാപൂർവം വായിക്കണം
(ബി) എല്ലാ വാക്യവും ശ്രദ്ധാപൂർവം വായിക്കണം
(സി) ഓരോ വാക്യങ്ങളും ശ്രദ്ധാപൂർവം വായിക്കണം
(ഡി) എല്ലാ ഓരോ വാക്യങ്ങളും ശ്രദ്ധാപൂർവം വായിക്കണം
440.സമാനമായ ഭാഷാപദം തിരഞ്ഞെടുക്കുക– 'Status quo':
(എ) പദവി (ബി) ക്രമമായി
(സി) പൂർവസ്ഥിതി (ഡി) പദവിയനുസരിച്ച്
441. 'They murdered him in cold blood' എന്നതിന്റെ ശരിയായ പരിഭാഷ:
(എ) അവർ അവനെ ക്രൂരമായി കൊലചെയ്തു
(ബി) അവന്റെ കൊലപാതകം വളരെ ക്രൂരമായിപ്പോയി
(സി)മരണശേഷം അവന്റെ രക്തം തണുത്തുറഞ്ഞുപോയി
(ഡി) രക്തം തണുപ്പിച്ച് അവനെ ക്രൂരമായി കൊന്നു
442. ജാഗരണം എന്ന പദത്തിന്റെ വിപരീതം:
(എ) പ്രമാണം (ബി) സുഷുപ്തി
(സി) അചേതനം (ഡി) അപകൃഷ്ടം
443. തെറ്റായ രൂപമേത്?
(എ) അസുരത്വം (ബി) മൃഗത്വം
(സി) പുരുഷത്വം (ഡി) മടയത്വം
444. 'അക്കരെ പറ്റുക' എന്ന ശൈലിയുടെ അർത്ഥം:

1. R.N. 44588/86 Reg. No. KL/TV (N)34/2015-17
2. Licence No. for posting without pre payment - KL/TV(N)/WPP/165/2015-17

**PSC BULLETIN**
Fortnightly


Rupees 10
January 15, 2017

1 2017–ലെ പ്രവാസി ഭാരതീയ ദിവസത്തിന്റെ ആഘോഷ വേദി– ബംഗലൂരു

2 2017–ലെ പ്രവാസി ഭാരതീയ ദിവസത്തിന്റെ ആഘോഷത്തിന്റെ പ്രമേയം– Redefining Engagement with the Indian Diaspora

3 2017–ലെ പ്രവാസി ഭാരതീയ ദിവസത്തിന്റെ മുഖ്യാതിഥി– അന്റോണിയോ കോസ്റ്റ (പോർച്ചുഗീസ് പ്രധാനമന്ത്രി)

4 ഈയിടെ മനുഷ്യശരീരത്തിലെ 79–മത്തെ അവയവമായി




ഈയിടെ കണ്ടെത്തിയത്– മെസെന്ററി

5 കരസേനയുടെ സഹമേധാവിയായി ചുമതലയേറ്റത്– ലഫ്.ജനറൽ ശരത് ചന്ദ്രൻ

6 പ്രവാസി ഭാരതീയ ദിനാഘോഷങ്ങൾ ആദ്യമായി സംഘടിപ്പിച്ച വർഷം– 2003

7 മുംബൈയിൽ അന്തരിച്ച പ്രസിദ്ധ ബോളിവുഡ് നടൻ– ഓംപുരി

8 ഏത് ചിഹ്നത്തിനുവേണ്ടിയാണ് പിളർപ്പിനുശേഷം സമാജ്‌വാദി പാർട്ടിയിൽ തർക്കം ഉണ്ടായത്– സൈക്കിൾ

9 ഉത്തർ പ്രദേശ് മുഖ്യമന്ത്രി– അഖിലേഷ് യാദവ്

10 ഇന്റർനാഷണൽ ഇയർ ഓഫ് സസ്റ്റെയിനബിൾ ടൂറിസം ആയി ഐക്യരാഷ്ട്രസഭ പ്രഖ്യാപിച്ച വർഷം– 2017

11 ലോക ബ്രയ്‌ലി ദിനം– ജനുവരി 4

12 ഇലക്ഷൻ കമ്മിഷൻ തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സംസ്ഥാനങ്ങൾ– ഉത്തർ പ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, മണിപ്പൂർ, ഗോവ

13 യുപിഎസ്‌സിയുടെ പുതിയ ചെയർമാൻ– ഡേവിഡ് ആർ സിയെംലി

14 യുപിഎസ്‌സി ആസ്ഥാനമന്ദിരം– ധോൽപ്പൂർ ഹൗസ്

15 ഡൽഹിയുടെ പുതിയ ലഫ്.ജനറൽ– അനിൽ ബൈജാൽ

16 റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ പുതിയ ഡെപ്യൂട്ടി ഗവർണർ– വിരാൽ വി.ആചാര്യ

17 റിസർവ് ബാങ്കിന് എത്ര ഡെപ്യൂട്ടി ഗവർണർമാരാണുള്ളത്– 4




18 2016–ലെ ബിഹാരി പുരസ്കാരത്തിനർഹനായ രാജസ്ഥാനി സാഹിത്യകാരൻ–ഡോ.സത്യനാരായൺ

19 ദേശീയ കൺസ്യൂമർ ദിനം– ഡിസംബർ 24

20 ദേശീയ ഗണിതദിനം– ഡിസംബർ 22

21 ആരുടെ ജന്മദിനമാണ് ദേശീയ ഗണിത ദിനമായി ആചരിക്കുന്നത്– ശ്രീനിവാസ രാമാനുജം

22 ജയിൽ പരിഷ്കരണത്തിന് നിയോഗിക്കപ്പെട്ട കമ്മിഷൻ– അലക്സാണ്ടർ ജേക്കബ്ബ് കമ്മിഷൻ

23 ഇപ്രാവശ്യത്തെ സംസ്ഥാന സ്കൂൾ കലോൽസവ വേദി– കണ്ണൂർ

24 ലോകത്തിലെ ഏറ്റവും ദൈർഘ്യം കൂടിയ ബുള്ളറ്റ് ട്രയിൻ സർവീസ് (2760 കി.മീ.) ആരംഭിച്ച രാജ്യം– ചൈന (കുൻമിങ്ങിനും ബെയ്ജിങ്ങിനും മധ്യേ)

25 നാലാമത് യാഷ് ചോപ്ര അവാർഡിന് അർഹനായത്– ഷാരൂഖ് ഖാൻ

26 ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ പുതിയ ക്യാപ്റ്റൻ– വിരാട് കോഹ്‌ലി

27 ഏത് സംസ്ഥാനത്തിനാണ് കേന്ദ്ര സർക്കാർ 1782.44 കോടിയുടെ വരൾച്ചാ ദുരിതാശ്വാസ സഹായം പ്രഖ്യാപിച്ചത് –കർണാടകം

28 ചെന്നൈ, അഹമ്മദാബാദ്, വാരാണസി എന്നിവയെ സ്മാർട്ട് സിറ്റിയാക്കാൻ ധനസഹായം നൽകുന്ന രാജ്യം– ജപ്പാൻ

29 ഹെയ്ത്തിയുടെ പുതിയ പ്രസിഡന്റ്– ജോവനെൽ മോയിസ്

30 77–മത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തത്– പ്രസിഡന്റ് പ്രണബ് മുഖർജി

31 ഇന്ത്യയുടെ ആദ്യത്തെ സ്മാർട്ട് ഡിജിറ്റൽ വില്ലേജ്– മോറി (ആന്ധ്ര പ്രദേശ്)

32 104–മത് ഇന്ത്യൻ സയൻസ് കോൺഗ്രസ് നടന്ന സംസ്ഥാനം–ആന്ധ്രപ്രദേശ്

33 ബ്രിട്ടണിലേക്ക് ചരക്ക് തീവണ്ടി സർവീസ് ആരംഭിച്ച ഏഷ്യൻ രാജ്യം– ചൈന

34 ലോകത്തിലെ ഏറ്റവും ദൈർഘ്യം കൂടിയ ട്രെയിൻ സർവീസ്– മോസ്കോ മുതൽ പോങ്യാങ് വരെ (ഉത്തര കൊറിയ)–10267 കി.മീ. (മാസത്തിൽ രണ്ടു പ്രാവശ്യം)

35 ലോകത്തിലെ ഏറ്റവും ദൈർഘ്യം കൂടിയ പ്രതിദിന ട്രെയിൻ സർവീസ്– മോസ്കോ മുതൽ വ്ളാഡിവോസ്റ്റോക് വരെ –9289 കി.മീ. (റഷ്യ)

36 ഇന്ത്യയിലെ ഏറ്റവും ഏറ്റവും ദൈർഘ്യം കൂടിയ ട്രെയിൻ സർവീസ്– ദിബ്രുഗഢ്–കന്യാകുമാരി വിവേക് എക്സ്പ്രസ് (4282 കി.മീ.)

37 ഇന്ത്യയിലെ ആദ്യത്തെ കാറ്റർപില്ലർ ട്രെയിൻ ആരംഭിച്ചത് എവിടെയാണ്– ഗുഡ്ഗാവ് (ഹരിയാണ)

38 ഇന്ത്യയിലെ ആദ്യത്തെ ഫുള്ളി ഡിജിറ്റൽ ആൻഡ് കാഷ്‌ലെസ് കോളനി– നെടുങ്കയം

39 ഏതു ജില്ലയിലാണ് നെടുങ്കയം– മലപ്പുറം ജില്ല

40 2022–ലെ നാഷണൽ ഗെയിംസ് ഏത് സംസ്ഥാനത്ത് നടത്തും– മേഘാലയ

41 ഇന്ത്യയിലെ ആദ്യത്തെ ബയോഡീസൽ ബസുകൾ പുറത്തിറക്കിയത് ഏത് സംസ്ഥാനത്താണ്– കർണാടകം

42 ഈയിടെ അന്തരിച്ച രത്നസിരി വിക്രമനായകെ ഏത് രാജ്യത്ത് പ്രധാനമന്ത്രിയായിരുന്നു– ശ്രീലങ്ക

43 ഓൺലൈൻ പേയ്മെന്റിന് ഡിസ്കൗണ്ട് അനുവദിച്ച ആദ്യ രാജ്യം– ഇന്ത്യ

44 പ്രതിരോധച്ചെലവിൽ ലോകത്ത് ഇന്ത്യയുടെ സ്ഥാനം– നാല്

45 അന്താരാഷ്ട്ര പർവത ദിനം– ഡിസംബർ 11

46 പി.വി.സിന്ധു ഏത് കായിക ഇനവുമായി ബന്ധപ്പെട്ടിരിക്കുന്നു– ബാഡ്മിന്റൺ

47 ബി.സി.സി.ഐ. പ്രസിഡന്റ് സ്ഥാനത്തുനിന്ന് സുപ്രീം കോടതി ആരെയാണ് നീക്കം ചെയ്തത്– അനുരാഗ് താക്കൂർ

48 യൂറോപ്യൻ യൂണിയന്റെ പുതിയ പ്രസിഡന്റ്– ജോസഫ് മസ്കറ്റ്

49 2017–ലെ റിപ്പബ്ലിക് ദിനാഘോഷത്തിന്റെ മുഖ്യാതിഥി– ശെയ്ഖ് മുഹമ്മദ് ബിൻ സയ്യദ് അൽ നഹ്യാൻ (അബുദാബി കിരീടാവകാശി)

50 ഡബിൾ ടാക്സേഷൻ ഒഴിവാക്കാൻ ഇന്ത്യയും ഏത് രാജ്യവുമാണ് ഈയിടെ ഉടമ്പടിയിൽ ഏർപ്പെട്ടത്– കസഖ്സ്ഥാൻ

51 ഏത് സംസ്ഥാനത്താണ് നയാറായ്പൂർ എന്ന പുതിയ തലസ്ഥാന നഗരം നിർമിക്കുന്നത്– ഛത്തിസ്ഗഢ്

52 ഇന്ത്യയുടെ ഏകദിന, ടിന്റി–20 ക്രിക്കറ്റ് ടീമുകളുടെ ക്യാപ്റ്റൻ പദവി ഒഴിഞ്ഞത്– എം.എസ്.ധോണി



53 ഇന്ത്യയിലെ ആദ്യത്തെ പെയ്മെന്റ്സ് സർവീസ് ബാങ്ക് ആരംഭിച്ചത്– എയർടെൽ (രാജസ്ഥാനിൽ)

54 അണ്ണാ ഡിഎംകെയുടെ പുതിയ ജനറൽ സെക്രട്ടറി– ശശികല നടരാജൻ

55 കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി–രാജ്നാഥ് സിങ്

56 കേരള മന്ത്രിസഭയുടെ അംഗബലം– 19

57 ഹരിതകേരളം മിഷന്റെ അംബാസഡർമാർ– കെ.ജെ.യേശുദാസ്, മഞ്ജു വാര്യർ

58 രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം ഇന്ത്യയിലെ ഏറ്റവും ആയുർ ദൈർഘ്യം കൂടിയ സംസ്ഥാനം– ജമ്മു കശ്മീർ

59 റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിനായി ഗുഡ് സമരിറ്റൻ പോളിസി കൊണ്ടുവന്നത് എവിടുത്തെ സർക്കാരാണ്– ഡൽഹി

60 ഏഴ് പുതിയ ജില്ലകൾ രൂപവത്കരിച്ച വടക്കു കിഴക്കൻ സംസ്ഥാനം– മണിപ്പൂർ

61 2016 ഡിസംബറിൽ പ്രവർത്തനരംഗത്ത് എഴുപത് വർഷം തികച്ച സംഘടന– യുണിസെഫ്

62 എവിടെനിന്നാണ് ഇന്ത്യ റിസോഴ്സ്സാറ്റ് 2 എ വിക്ഷേപിച്ചത്– ശ്രീഹരിക്കോട്ട (2016 ഡിസംബർ 8)

63 ലോകത്തിലെ ഏറ്റവും വലിയ റേഡിയോ ദൂരദർശിനി സ്ഥാപിച്ച രാജ്യം– ചൈന

64 ജ്ഞാനപീഠ പുരസ്കാരത്തിന്റെ സമ്മാനത്തുക– 11 ലക്ഷം

65 ഏറ്റവും ഒടുവിൽ ജ്ഞാനപീഠത്തിനർഹനായത്– ശംഖാ ഘോഷ് (ബംഗാളി)

## Ministry of Kerala

| | Name of Minister | Ministry | Constituency | District | Party |
|---|---|---|---|---|---|
| 1 | Pinarayi Vijayan | General Administration, Home Affairs, Vigilance, IT | Dharmadom | Kannur | CPI(M) |
| 2 | T.M. Thomas Isaac | Finance and Coir | Alappuzha | Alappuzha | CPI(M) |
| 3 | G. Sudhakaran | Public Works and Registration | Ampalapuzha | Alappuzha | CPI(M) |
| 4 | A.K. Balan | Welfare of S.T., Culture, Law and Parliamentary Affairs | Tharur | Palakkad | CPI(M) |
| 5 | K. K. Shailaja | Health and Social Welfare | Koothuparamb | Kannur | CPI(M) |
| 6 | C. Raveendranath | Education | Puthukkadu | Thrissur | CPI(M) |
| 7 | K. T. Jaleel | Local Administration and Minority Affairs | Thavanoor | Malappuram | Independent |
| 8 | T. P. Ramakrishnan | Excise and Labour | Perambra | Kozhikode | CPI(M) |
| 9 | J. Mercykutty Amma | Fisheries and Traditional Industries | Kundara | Kollam | CPI(M) |
| 10 | A. C. Moideen | Industries and Sports | Kunnamkulam | Thrissur | CPI(M) |
| 11 | Kadakampally Surendran | Devaswom, co-operation and Tourism | Kazhakootam | Thiruvananthapuram | CPI(M) |
| 12 | E. Chandrasekharan | Revenue and Housing | Kanjangadu | Kasaragod | CPI |
| 13 | V. S. Sunil Kumar | Agriculture | Thrissur | Thrissur | CPI |
| 14 | P. Thilothaman | Food and Civil Supplies | Cherthala | Alappuzha | CPI |
| 15 | K. Raju | Forest, Animal Husbandry and Zoos | Punalur | Kollam | CPI |
| 16 | Mathew T. Thomas | Water Resources | Thiruvalla | Pathanamthitta | JD(S) |
| 17 | A. K. Saseendran | Transport | Elathur | Kozhikode | NCP |
| 18 | Ramachandran Kadannappalli | Ports, Museums and Archeology | Kannur | Kannur | Con(S) |
| 19 | MM Mani | Elecricity | Udumpunchola | Idukki | CPI(M) |

Views and ideas expressed in the articles published in PSC Bulletin are not, necessarily, those of the Commission. Edited and Published by Saju George, Secretary Kerala Public Service Commission on behalf of Kerala Public Service Commission and Printed by him at P. Krishna Pillai Memorial Printing & Publishing Co. Pvt. Ltd, Thiruvananthapuram.